

# ദൈവത്തെ സ്തുതിക്കുവിൻ

*Laudate Deum*

കാലാവസ്ഥാ പ്രതിസന്ധി
സംബന്ധിച്ച് സന്മനസ്സുള്ള
എല്ലാ മനുഷ്യരോടുമായി
പരിശുദ്ധ പിതാവ്
ഫ്രാൻസിസ് പാപ്പാ നടത്തുന്ന
അപ്പസ്തോലിക ആഹ്വാനം

വിവർത്തനം
ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# ദൈവത്തെ സ്തുതിക്കുവിൻ

# *Laudate Deum*

*Daivathe Sthuthikuvin*: Malayalam version of *Laudate Deum,*
Apostolic Exhortation of Pope Francis

**Translated by** : Rev. Dr. Jacob Prasad

**Scrutinized by** : Rev. Dr. Gregory R. B.

: Rev. Dr. Shanu Fernandez

**Malayalam checked by** : Chev. Dr. Primus Perincherry

**Published by** : The Director, Pastoral Orientation Centre,
The Secretariat, Kerala Catholic Bishops' Council,
Kochi - 682025, Kerala, India
Phone: +914842 805722, 2805815
E-mail: pocpublications@gmail.com
Website: www.kcbc.in

**Copyright** : To the Publisher

**Published on** : 16 January 2024

**Design and Layout** : Ambily Jose

**Printed at** : Viani Printers, Ernakulam

**Copies** : 1000

**Price** : ₹ 80

**ISBN** : 978-93-83423-67-5

@ Pastoral Orientation Centre

All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the publisher.

# ദൈവത്തെ സ്തുതിക്കുവിൻ

## *Laudate Deum*

**വിവർത്തനം : റവ. ഡോ. ജേക്കബ് പ്രസാദ്**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# ഉള്ളടക്കം

1. **ആഗോള കാലാവസ്ഥാപ്രതിസന്ധി** 14
പ്രതിരോധവും സംഭ്രമവും 15
മാനുഷികകാരണങ്ങൾ 18
കോട്ടങ്ങളും അപകടസാധ്യതകളും 21

2. **വളരുന്ന ഒരു സാങ്കേതികശക്തിയുടെ മാതൃക (Technocratic Paradigm)** 25
നാം ശക്തി ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള പുനർവിചിന്തനം 27
ധാർമിക മുള്ള് 30

3. **അന്താരാഷ്ട്ര രാഷ്ട്രീയത്തിന്റെ ബലഹീനത** 34
ബഹുപക്ഷഭാവം പുനഃക്രമവത്കരിക്കുന്നത് 36

4. **കാലാവസ്ഥാ സമ്മേളനങ്ങൾ: പുരോഗതിയും പരാജയങ്ങളും** 41

5. **ദുബായിലെ COP 28 - സമ്മേളനത്തിൽനിന്ന് എന്തു പ്രതീക്ഷിക്കാം?** 47

6. **ആത്മീയ പ്രേരകങ്ങൾ** 53
വിശ്വാസത്തിന്റെ വെളിച്ചത്തിൽ 53
കൂട്ടായ്മയിലും പ്രതിജ്ഞാബദ്ധതയിലുമുള്ള യാത്ര 55

# പ്രസാധകക്കുറിപ്പ്

കാലാവസ്ഥാപ്രതിസന്ധിയെക്കുറിച്ച് 2023 ഒക്ടോബർ നാലാം തീയതി ഫ്രാൻസിസ് പാപ്പാ "ദൈവത്തെ സ്തുതിക്കുവിൻ" എന്ന അപ്പസ്തോലിക ആഹ്വാനം പുറപ്പെടുവിച്ചു. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ കീർത്തനത്തിൽനിന്ന് എടുത്തതാണ് "തന്റെ എല്ലാ സൃഷ്ടികളെയുംപ്രതി 'ദൈവത്തെ സ്തുതിക്കുവിൻ'" *(Laudate Deum)* എന്ന ശീർഷകം. നമ്മുടെ പൊതു ഭവനമായ ഈ പ്രപഞ്ചത്തെക്കുറിച്ചുള്ള താത്പര്യത്തിന്റെയും ഭൂമിയെ സംരക്ഷിക്കാനുള്ള അടിയന്തര ആവശ്യത്തിന്റെയും അടിസ്ഥാനത്തിലാണ് പാപ്പാ എഴുതുന്നത്.

2015-ൽ പാപ്പാ പുറപ്പെടുവിച്ച "ലൗദാതോ സി" (കർത്താവേ, അങ്ങേക്കു സ്തുതി) എന്ന ചാക്രിക ലേഖനത്തിന്റെ തുടർച്ചയാണ് ഈ അപ്പസ്തോലിക ആഹ്വാനം. ഇവ രണ്ടിലും ചേർത്തിട്ടുള്ള ആഭിമുഖ്യങ്ങൾ ഒരുമിച്ചാണ് ഉൾക്കൊള്ളേണ്ടത്.

"ലൗദാതോ സി"ക്കുശേഷം നമ്മുടെ പ്രതികരണങ്ങൾ പൂർണമായും അനുയുക്തമായില്ല എന്നു പാപ്പാ നിരീക്ഷിക്കുന്നു: "നമ്മുടെ പൊതുഭവനത്തിന്റെ സംരക്ഷണം...

സംബന്ധമായ നമ്മുടെ പ്രതികരണങ്ങൾ വേണ്ടിടത്തോളം ആയിരുന്നില്ല എന്നു കാലം കടന്നുപോയപ്പോൾ ഇന്നു ഞാൻ മനസ്സിലാക്കുന്നു; എന്തെന്നാൽ, നാം അധിവസിക്കുന്ന ഈ ലോകം പൊളിഞ്ഞുവീഴാറായിരിക്കുന്നു" (2).

യഥാർത്ഥത്തിൽ, വർദ്ധിതമായിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാപ്രതിസന്ധിയുടെ കാരണക്കാർ മനുഷ്യർ തന്നെയാണ്. അതേസമയം, ആ ഉത്തരവാദിത്വം എല്ലാവരുടെയുംമേൽ തുല്യമായി ചുമത്താനാവില്ല. സമ്പന്നരും ഏറെ സ്വാധീനമുള്ളവരുമായ ലോകനേതാക്കൾ അതിനു കൂടുതൽ ഉത്തരവാദികളാണ്; ഏറ്റവും കുറഞ്ഞ അളവിൽ ഹരിതഗ്രഹവാതകങ്ങളുടെ പ്രസാരണത്തിനു കാരണക്കാരാകുന്ന ദരിദ്രരാഷ്ട്രങ്ങളെ നമുക്ക് പഴിക്കാനാവില്ല (9 കാണുക). വലിയ സാമ്പത്തിക ശക്തികൾ കാലാവസ്ഥാ പ്രതിസന്ധി പ്രത്യേക താത്പര്യം ലഭിക്കേണ്ട ഒരു പ്രശ്നമായി പരിഗണിക്കുന്നില്ല എന്നത് ഖേദകരമായ കാര്യമാണ്. "അവരുടെ താത്പര്യം ഏറ്റവും കുറഞ്ഞ ചിലവിൽ ഏറ്റവും കുറഞ്ഞ സമയത്ത് ഏറ്റവും കൂടിയ ലാഭം ഉണ്ടാക്കുക എന്നതത്രേ"(13), പാപ്പാ പറയുന്നു.

എന്നാലും നമുക്ക് പ്രത്യാശിക്കാതിരിക്കാൻ സാധിക്കുകയില്ല. "പ്രത്യാശക്ക് ഒട്ടും വകയില്ല എന്ന് ധരിക്കുന്നത് ആത്മഹത്യാപരമായിരിക്കും. എന്തെന്നാൽ, അപ്രകാരം ചിന്തിക്കുന്നത് മനുഷ്യരാശിയെ മുഴുവൻ, ഏറെപ്രത്യേകിച്ച് അതീവ ദരിദ്രരെ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ദുരന്തങ്ങളിലേക്ക് വിട്ടുകൊടുക്കുന്നതിനു തുല്യമായിരിക്കും" (53) എന്നു പാപ്പാ നിരീക്ഷിക്കുന്നു. ഇക്കാര്യത്തിൽ, രാഷ്ട്രീയ-സാമൂഹ്യ രംഗത്ത് വ്യതിയാനങ്ങൾ വരുത്താൻ പ്രയത്നിക്കുന്ന ലോകത്തിലെ വിവിധ

രാഷ്ട്രങ്ങളിൽ നിന്നുള്ള പരസ്പരം പിന്താങ്ങുന്ന ആളുകൾ (activists) പ്രവർത്തിക്കുന്ന വേദികളിൽനിന്ന്, അതായത് ലോകത്തിന്റെ താഴെത്തട്ടുകളിൽനിന്ന്, ഉയരുന്ന ആവശ്യങ്ങൾ അധികാരസ്രോതസ്സുകളുടെമേൽ സമ്മർദം ചെലുത്തുന്നവയായിത്തീരാൻ സാധ്യതയുണ്ട് (38 കാണുക) എന്നു പാപ്പാ പ്രത്യാശിക്കുന്നു.

യഥാർഥത്തിൽ, ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചപ്പോൾ അത് "വളരെ നന്നായിരിക്കുന്നു" (ഉത്പ 1:31) എന്നു കണ്ടു എന്ന ബൈബിളിന്റെ പ്രസ്താവനയാണ് ഭൂമിസംരക്ഷണത്തിന് അടിസ്ഥാനമായി നിൽക്കുന്നത്. ദൈവം സ്നേഹപൂർവം നമുക്ക് നൽകിയ ഒരു ഭവനമാണിത്; ഇത് എല്ലാ സഹോദരരുമായി പങ്കുവെക്കപ്പെടേണ്ടതാണ്. അതിനാലാണ് ദൈവത്തിന്റെ സ്വന്തമായുള്ള ഈ ഭൂമിയുടെമേൽ നമുക്ക് ഉത്തരവാദിത്വമുള്ളത്. ദൈവത്തോടുള്ള സ്നേഹം പ്രപഞ്ചത്തോടുള്ള നമ്മുടെ ആദരം വർധിപ്പിക്കുന്നു. അതായത്, നാം ദൈവത്തെ സ്നേഹിക്കുകയാണെങ്കിൽ ദൈവം സ്നേഹത്താൽ സൃഷ്ടിച്ച ഈ പ്രപഞ്ചത്തെ നാം സ്നേഹിക്കാനും ആദരിക്കാനും കടപ്പെട്ടിരിക്കുന്നു.

അക്കാരണത്താൽ, നിലവിലുള്ള പാരിസ്ഥിതിക ഭ്രംശത്തിന്റെ ആധാരമായി നിൽക്കുന്ന സാങ്കേതികശക്തിയുടെ മാതൃകയെ (technocratic paradigm) പാപ്പാ അപലപിക്കുന്നു (20). വഴിതെറ്റിയ ഈ മാതൃകയുടെ പ്രശ്നം അത് പ്രപഞ്ചത്തിന്റെ നശീകരണത്തിന് കാരണമാകുന്നു എന്നതത്രേ; മാത്രമല്ല, അടിസ്ഥാനപരമായി അത് മനുഷ്യരെ സൃഷ്ടാവിന്റെ സ്ഥാനത്ത് കൊണ്ടുനിർത്തുന്നു എന്നതാണ് അതിന്റെ ധാർമിക പ്രശ്നം. പ്രപഞ്ചത്തെ മുഴുവൻ വരുതിയിൽ ആക്കുകയും അടക്കിഭരിക്കുകയും ചെയ്യുക എന്ന

സാങ്കേതികശക്തിയുടെ സമീപനം ദൈവികതയുടെ സ്ഥാനത്ത് മനുഷ്യന്റെ അഹംഭാവം പ്രതിഷ്ഠിക്കുന്നു.

എന്നാൽ, ഈ പ്രപഞ്ചം മുഴുവൻ ദൈവത്തിന്റെ സൗജന്യദാനം ആണെന്നുള്ള ബോധ്യം മനുഷ്യനെ അതിന്റെ സൂക്ഷിപ്പുകാരൻ ആക്കി മാറ്റുന്നു; അപ്രകാരമുള്ള ചിന്ത പ്രപഞ്ചത്തെ അനിയന്ത്രിതമായി ഉപയോഗിക്കുന്നതിൽ നിന്നും ചൂഷണം ചെയ്യുന്നതിൽ നിന്നും നമ്മെ അകറ്റുന്നു. അപ്പോൾ അതിനെ നമ്മൾ വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കുകയും ചെയ്യും. അങ്ങനെയെങ്കിൽ അവർക്കും ആരോഗ്യകരവും സൗഭാഗ്യകരവുമായ ഒരന്തരീക്ഷത്തിൽ തങ്ങളുടെ ജീവിതങ്ങൾ കരുപ്പിടിപ്പിക്കാനാവും.

അതിനാൽ ശാസ്ത്രീയ സമൂഹത്തിന്റെ ഭാഗത്തുനിന്നുള്ള സംഭാവനകൾ സ്വീകരിച്ചുകൊണ്ടുതന്നെ സന്മനസ്സുള്ള എല്ലാവരും പരസ്പരം സഹകരിക്കാനും അതുവഴിയായി അർഥവത്തായ ഒരു സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയും, അങ്ങനെ ഹരിതഗ്രഹവാതകങ്ങളുടെ പ്രസാരണം (greenhouse gas emission) ഒഴിവാക്കുന്ന നവ ഊർജ്ജസ്രോതസ്സുകളിലേക്ക് തിരിയാനും ലോകം തയ്യാറാകണമെന്ന് പാപ്പാ ആഹ്വാനം ചെയ്യുന്നു.

ഈ അപ്പസ്തോലിക ആഹ്വാനത്തിന്റെ പരിഭാഷ നടത്തിയ റവ. ഡോ. ജേക്കബ് പ്രസാദിനെ ഹൃദയപൂർവം അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു. ഇതിന്റെ സൂക്ഷ്മ പരിശോധന നടത്തിയ റവ. ഡോ. ഗ്രിഗരി ആർ. ബി., റവ. ഡോ. ഷാനു ഫെർണാണ്ടസ്, മലയാള ഭാഷാസംശോധനം നടത്തിയ ഷെവലിയർ ഡോ. പ്രീമൂസ് പെരിഞ്ചേരി എന്നിവരോടുമുള്ള നന്ദിയും പ്രകാശിപ്പിക്കുന്നു.

ഇതിന്റെ ഡി. ടി. പി. ചെയ്ത ശ്രീമതി അമ്പിളി ജോസ്, അമ്മിണി ഫ്രാൻസിസ്, സിസ്റ്റർ കാർമൽ ബിയാട്രീസ് എ.എസ്.സി. എന്നിവരോടുള്ള കൃതജ്ഞതയും അറിയിക്കുന്നു. ഇതിന്റെ മുദ്രണം നിർവഹിച്ച വിയാനി പ്രിന്റിംഗിനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

**ഫാദർ ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി.,
ഡയറക്ടർ, പി. ഒ. സി.

16 ജനുവരി 2024
പാലാരിവട്ടം, കൊച്ചി - 682025

കാലാവസ്ഥാപ്രതിസന്ധി സംബന്ധിച്ച് സന്മനസ്സുള്ള എല്ലാ മനുഷ്യരോടുമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് നടത്തുന്ന അപ്പസ്തോലിക ആഹ്വാനം

1. "തന്റെ സകല സൃഷ്ടികളെയുംപ്രതി ദൈവത്തെ സ്തുതിക്കുവിൻ". അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് തന്റെ ജീവിതവും കീർത്തനങ്ങളും പ്രവൃത്തികളുംവഴി പ്രഘോഷിച്ച സന്ദേശം ഇതായിരുന്നു. ഇതുവഴി അദ്ദേഹം ബൈബിളിലെ സങ്കീർത്തനങ്ങളുടെ ക്ഷണം സ്വീകരിക്കുകയും തന്റെ പിതാവിന്റെ സൃഷ്ടികളുടെ മുമ്പിൽ യേശുവിനുണ്ടായിരുന്ന സംവേദനക്ഷമത (sensitivity) പ്രതിഫലിപ്പിക്കുകയുമായിരുന്നു. യേശു പറഞ്ഞു, "വയലിലെ ലില്ലികൾ എങ്ങനെ വളരുന്നു എന്നു നോക്കുക; അവ അധ്വാനിക്കുന്നില്ല, നൂല്ക്കുന്നുമില്ല. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സോളമൻപോലും തന്റെ സർവ മഹത്ത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല" (മത്താ 6:28–29). "അഞ്ചു കുരുവികൾ രണ്ടു നാണയത്തുട്ടിനു വില്ക്കപ്പെടുന്നില്ലേ? എങ്കിലും അവയിൽ ഒന്നുപോലും ദൈവസന്നിധിയിൽ വിസ്മരിക്കപ്പെടുന്നില്ല" (ലൂക്കാ 12:6). നമ്മുടെ പാതയിൽ നമ്മെ അനുഗമനം ചെയ്യുന്ന എല്ലാ ജീവജാലങ്ങളോടും യേശുവിനുണ്ടായിരുന്ന ഈ ആർദ്രതയുടെ മുമ്പിൽ നമുക്ക് എങ്ങനെ വിസ്മയിക്കാതിരിക്കാനാവും!

2. "അങ്ങേക്കു സ്തുതി" *(Laudato Si')* എന്ന ചാക്രിക ലേഖനം ഞാൻ പ്രസദ്ധീകരച്ചിട്ട് ഇപ്പോൾ എട്ടു വർഷം

തികയുന്നു. വ്രണിതമായ ഈ ഗ്രഹത്തെ സംബന്ധിച്ച്, അതായത് നമ്മുടെ പൊതു ഭവനത്തിന്റെ സംരക്ഷണം സംബന്ധിച്ച്, എന്റെ ഹൃദയ പൂർവകമായ ഉത്കണ്ഠകൾ എന്റെ സഹോദരീസഹോദരന്മാരായ നിങ്ങളോടു ആ ലേഖനം വഴി പങ്കുവയ്ക്കുക എന്നതായിരുന്നു എന്റെ അന്നത്തെ ആഗ്രഹം. എന്നാൽ, തൽസംബന്ധമായ നമ്മുടെ പ്രതികരണങ്ങൾ വേണ്ടിടത്തോളം ആയിരുന്നില്ല എന്ന് കാലം കടന്നുപോയപ്പോൾ ഇന്നു ഞാൻ മനസ്സി ലാക്കുന്നു; എന്തെന്നാൽ, നാം അധിവസിക്കുന്ന ഈ ലോകം പൊളിഞ്ഞു വീഴാറായിരിക്കുന്നു; ഇത് ഏതാണ്ട് തകർച്ചയുടെ വക്കിലാണ്. ഈ പ്രശ്നത്തോടൊപ്പംതന്നെ മറ്റൊരു കാര്യവും തീർച്ചയാണ്: കാലാവസ്ഥാവ്യതിയാ നത്തിന്റെ ആഘാതം അനേകം ആളുകളുടെ ജീവിത ത്തെയും കുടുംബങ്ങളെയും രൂക്ഷമായി ബാധിക്കും. അതിന്റെ അനന്തരഫലങ്ങൾ ആരോഗ്യപരിപാലനം, തൊഴിൽസ്രോതസ്സുകൾ, വിഭവസാധ്യതകൾ, ഭവനനിർ മാണം, നിർബന്ധിത ദേശാന്തരഗമനം തുടങ്ങിയ മേഖല കളിൽ നമുക്ക് അനുഭവപ്പെട്ടുതുടങ്ങും.

3. ഇതൊരു ആഗോള സാമൂഹ്യ പ്രശ്നമാണ്; ഇത് മനുഷ്യജീവന്റെ മഹത്ത്വവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നുതാനും. കാലാവസ്ഥാവ്യതിയാനം സംബന്ധിച്ചുള്ള നമ്മുടെ താത്പര്യത്തിന്റെ സാമൂഹ്യ അർഥതലത്തെക്കുറിച്ച് അമേരിക്കൻ ഐക്യനാടുകളിലെ മെത്രാന്മാർ വ്യക്തമായി പറയുകയുണ്ടായി. ഇത് കേവലം പരിസ്ഥിതി സംബന്ധമായ സമീപനത്തിനും (ecological approach) ഉപരിയാണ്; കാരണം, "നമുക്ക് പരസ്പരമുള്ള കരുതലും ഭൂമിയെക്കുറിച്ചുള്ള കരുതലും അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നതാണ്. സമൂഹത്തെയും അന്താരാഷ്ട്ര

കൂട്ടായ്മയെയും (society and the global community) അലട്ടുന്ന മുഖ്യവെല്ലുവിളികളിൽ ഒന്നാണ് കാലാവസ്ഥാവ്യതിയാനം. ഏറ്റവും ദുർബലമായ ജനസമൂഹങ്ങളാണ്, അവർ നമ്മുടെ രാഷ്ട്രത്തിലായാലും ലോകം മുഴുവനിലുമായാലും, കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ പേറുന്നവർ"[1]. ആമസോണിയായ്ക്കുവേണ്ടി നടന്ന സിനഡിൽ ഒരുമിച്ചുകൂടിയ മെത്രാന്മാരും ചുരുങ്ങിയ വാക്കുകളിൽ ഇക്കാര്യംതന്നെ പറയുകയുണ്ടായി: "പ്രകൃതിയുടെമേൽ നടത്തുന്ന ആക്രമണങ്ങൾ മനുഷ്യജീവിതങ്ങളിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു"[2]. തികച്ചും പ്രകടമായി പറഞ്ഞാൽ, ഇത് മേലിൽ രണ്ടാംസ്ഥാനത്തു നില്ക്കുന്നതോ പ്രത്യയ ശാസ്ത്രപരമോ ആയ ഒരു പ്രശ്നമല്ല, പ്രത്യുത, നമ്മെ എല്ലാവരെയും ബാധിക്കുന്ന ക്ഷോഭജനകമായ ഒരു യാഥർഥ്യമാണ്. ആഫ്രിക്കയിലെ മെത്രാന്മാരുടെ അഭിപ്രായപ്രകാരം കാലാവസ്ഥവ്യതിയാനം, "പ്രകടവും ദുരന്ത പൂർണവുമായ ഘടനാപരപാപത്തെ"[3] വെളിച്ചത്തു കൊണ്ടുവരുന്ന ഒന്നാണ്.

4. കഴിഞ്ഞ എട്ടുവർഷംകൊണ്ടുണ്ടായ വിചിന്തനവും വിവരശേഖരണവും നാം കുറച്ചുനാൾമുമ്പു നടത്തിയ പരിചിന്തനത്തിനു കൂടുതൽ വ്യക്തതയും പൂർണതയും കൊണ്ടുവരാൻ നമ്മെ സഹായിക്കുന്നു. ഇക്കാരണത്താലും ഇപ്പോഴത്തെ അടിയന്തര സാഹചര്യം പരിഗണിച്ചും തുടർന്നുള്ള ഈ ചിന്തകൾ നിങ്ങളോടു പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## 1. ആഗോള കാലാവസ്ഥാപ്രതിസന്ധി

5. എല്ലാം മാർഗങ്ങളും ഉപയോഗിച്ച് പ്രശ്നം ഇല്ലെന്നു പറയാനും അതിനെ മറച്ചുപിടിക്കാനും തമസ്കരിക്കാനും ആപേക്ഷീകരിക്കാനും ശ്രമിക്കുമ്പോൾത്തന്നെ കാലാവസ്ഥാവ്യതിയാനം എന്ന യാഥാർത്ഥ്യം ഇപ്പോൾ ഇവിടെ രൂക്ഷമാംവിധം അനുഭവവേദ്യമായിരിക്കുന്നു. ഇക്കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള അസാധാരണമായ കാലാവസ്ഥാപ്രതിഭാസങ്ങളും പലപ്പോഴായുള്ള അമിതോഷ്ണത്തിന്റെ കാലഘട്ടങ്ങളും അതോടൊപ്പം വരൾച്ചയും ഭൂമിയുടെ ഭാഗത്തുനിന്നുള്ള ഇതര പ്രതിഷേധരൂപങ്ങളും ആർക്കും നിഷേധിക്കാനാവുന്ന യാഥാർഥ്യങ്ങളല്ല. ഇവയെല്ലാം എല്ലാവരെയും ബാധിക്കുന്ന നിശ്ശബ്ദമായ രോഗത്തിന്റെ ചില പ്രകടമായ പ്രകാശനങ്ങളത്രേ. അതേസമയം, എല്ലാ പ്രകൃതിക്ഷോഭങ്ങളും ആഗോളകാലാവസ്ഥാവ്യതിയാനം മൂലമാണെന്ന് പറയാനും വയ്യ. എന്നിരുന്നാലും, മനുഷ്യരാൽ ഇളക്കിവിടപ്പെട്ടതെന്ന് നിർണയിക്കപ്പെടാവുന്ന തരത്തിലുള്ള ചില പ്രത്യേക കാലാവസ്ഥാവ്യതിയാനങ്ങൾ കൂടുതൽ, പതിവായതും ശക്തവുമായ അസാധാരണ പ്രതിഭാസങ്ങൾ ഉണ്ടാകാൻ മതിയായ കാരണമാകുന്നു എന്നതും യാഥാർഥ്യമാണ്. അതിനാൽ, ഓരോ പ്രാവശ്യവും ആഗോള ഊഷ്മാവ് 0.5 ഡിഗ്രി സെൽഷ്യസ് ഉയരുമ്പോൾ ചിലയിടങ്ങളിൽ ആവർത്തിച്ചുള്ള തീവ്രമഴയും ജലപ്രളയങ്ങളും വർധിക്കാനും

മറ്റിടങ്ങളിൽ അതിശക്തമായ വരൾച്ചയും ഇനിയും ചില യിടങ്ങളിൽ ഉഷ്ണക്കാറ്റും വേറേ ഇടങ്ങളിൽ തീവ്രമായ മഞ്ഞുവീഴ്ച്ചയും ഉണ്ടാകാൻ കാരണമാകുന്നു എന്നു നാം മനസ്സിലാക്കുന്നു[4]. ഇപ്പോൾത്തന്നെ ഒരു വർഷത്തിൽ പലവട്ടം ഉഷ്ണതരംഗങ്ങൾ ഉണ്ടാകുന്നെങ്കിൽ ആഗോള ഊഷ്മാവ് 1.5 ഡിഗ്രി സെൽഷ്യസ് ആയി ഉയർന്നാലുള്ള സ്ഥിതി എന്തായിരിക്കും! ആ സ്ഥിതി ആസന്നമായി ക്കൊണ്ടിരിക്കുകയാണ്. അന്നേരം ഉണ്ടാകുന്ന ഉഷ്ണ തരംഗങ്ങൾ കൂടക്കൂടെ ഉള്ളതും അതിശക്തവുമായി രിക്കും. അത് 2 ഡിഗ്രിക്കു മുകളിലേക്ക് ഉയർന്നാൽ ഗ്രീൻലാൻഡിലെ മഞ്ഞുശീർഷങ്ങളും അന്റാർട്ടിക്കയുടെ വലിയൊരു ഭാഗവും പൂർണമായി ഉരുകും[5]; അത് നമു ക്കോരോരുത്തർക്കും അതിഗുരുതരമായ അനന്തര ഫല ങ്ങൾക്ക് കാരണമാകും.

## പ്രതിരോധവും സംഭ്രമവും

6. ഇക്കഴിഞ്ഞ വർഷങ്ങളിൽ ചിലർ ഈ വസ്തുതകൾ പുച്ഛിച്ചുതള്ളാൻ താത്പര്യപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമാ ണെന്നു കരുതാവുന്നവിധത്തിലുള്ള വസ്തുതകൾ അവർ നിരത്തിവയ്ക്കുന്നു; അതായത്, ഈ ഗ്രഹത്തിൽ എല്ലാ ക്കാലത്തും തണുത്തുറയ്ക്കുന്നതിന്റെയും ചൂട് വർധിച്ചു വരുന്നതിന്റെയുമായ കാലഘട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അവർ സമർഥിക്കുന്നു. എന്നാൽ, അവർ പ്രസക്തമായ മറെറാരു വസ്തുത കണക്കിലെടുക്കാൻ കൂട്ടാക്കുന്നില്ല: നാമിപ്പോൾ അനുഭവിക്കുന്നത് വളരെ അസാധാരണമാം വിധം ദ്രുതഗതിയിലുള്ള ഊഷ്മാവ് വർധനയാണ്; ഇതിന്റെ ചലനവേഗം പരിശോധിച്ചറിയാൻ നൂറ്റാണ്ടുകളോ സഹസ്രാബ്ദങ്ങളോ കാത്തിരിക്കേണ്ട ആവശ്യമില്ല; പ്രത്യുത, ഒരു തലമുറയുടെ കാലസന്ധി മതിയാകും.

സമുദ്രനിരപ്പിന്റെ ഉയർച്ചയും ഹിമപിണ്ഡങ്ങളുടെ ഉരുകലും ഒരു വ്യക്തിയുടെ ജീവിതകാലത്തുതന്നെ അനുഭവവേദ്യമാകാവുന്നതേയുള്ളൂ. ആകയാൽ, കുറച്ചു വർഷങ്ങൾക്കുള്ളിൽ പല ജനതകൾക്കും ഇക്കാരണങ്ങളാൽ തങ്ങളുടെ ഭവനങ്ങൾ മാറ്റി സ്ഥാപിക്കേണ്ടിവരും.

7. ആഗോളതലത്തിലുള്ള താപനവർധനയെക്കുറിച്ചു (global warming) സംസാരിക്കുന്നവരെ പരിഹസിക്കുന്നതിന്റെ ഭാഗമായി ഇടയ്ക്കിടെ അസാധാരണമായ തണുപ്പു കാലഘട്ടങ്ങൾ ഉണ്ടാവുക എന്നത് പതിവായ പ്രതിഭാസമാണെന്ന് ചിലർ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ഇതും അപ്രകാരമുള്ള അസാധാരണമായ ഇതരപ്രതിഭാസങ്ങളും ഒരേ ഒരു കാരണത്തിന്റെ വിവിധങ്ങളായ പ്രകാശനങ്ങളാണെന്ന കാര്യം അവർ വിസ്മരിക്കുന്നു; അതായത്, ഈ ഗ്രഹത്തിന്റെ ചൂടുപിടിപ്പിക്കലിനെ പ്രകോപിക്കുന്ന ആഗോളതലത്തിലുള്ള അസന്തുലിതാവസ്ഥ. വരൾച്ചകൾ, വെള്ളപ്പൊക്കങ്ങൾ, ഉണങ്ങി വരണ്ട തടാകങ്ങൾ, കടൽക്ഷോഭങ്ങൾമൂലം തൂത്തെറിയപ്പെട്ട സമൂഹങ്ങൾ, ജലപ്രളയങ്ങൾ എന്നിവയുടെയെല്ലാം ആത്യന്തികകാരണം ഒന്നുതന്നെ. അതേസമയം, ഇവിടെ നാം ഒരു ആഗോള പ്രതിഭാസത്തെ സംബന്ധിച്ചു പറയുമ്പോൾത്തന്നെ, പ്രാദേശിക ഘടകങ്ങളാൽ നല്ലൊരുവിധം വിശദീകരിക്കപ്പെടുന്ന ഒറ്റപ്പെട്ട സംഭവങ്ങളെ അതുമായി കൂട്ടിക്കുഴയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

8. ശരിയായ വിവരശേഖരമില്ലാത്തതുമൂലം വിശാല തലത്തിലുള്ള കാലാവസ്ഥാപ്രവചനങ്ങളും - നാം ഇവിടെ പറയുന്നത് ചുരുങ്ങിയത് പതിറ്റാണ്ടുളെക്കുറിച്ചാണ് - ആഴ്ചകളെ സംബന്ധിക്കുന്ന പ്രവചനങ്ങളും തമ്മിൽ കൂട്ടിക്കുഴയ്ക്കാനുള്ള സാധ്യതയുണ്ട്. അതിനാൽ, നാം

കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചു സംസാരിക്കുമ്പോൾ, ആഗോളതലത്തിലുള്ള, പല ദശകങ്ങളോളം നീണ്ടുനില്ക്കുന്ന ഒരു യാഥാർത്ഥ്യത്തെയണ് ഉദ്ദേശിക്കുന്നത്; അതിന് സ്ഥിരമായ പ്രാദേശിക വ്യത്യാസങ്ങളും ഉണ്ടാകാം.

9. യാഥാർത്ഥ്യത്തെ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഇതിന്റെ ഉത്തരവാദിത്വം മുഴുവൻ ദരിദ്രരായ മനുഷ്യരുടെ മേൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്നവരുണ്ട്; കാരണം, ദരിദ്രർക്ക് കൂടുതൽ മക്കളുണ്ട്. ഇക്കാര്യം പറഞ്ഞ് അതിനു പരിഹാരം കാണുന്നു എന്ന രീതിയിൽ അവികസിത രാജ്യങ്ങളിൽ സ്ത്രീകളെ വന്ധ്യംകരിക്കാൻ ശ്രമിക്കുന്നവർ പോലുമുണ്ട്. സാധാരണ എന്നപോലെ കുറ്റമെല്ലാം ദരിദ്രരുടേതാണെന്ന് ആരോപിക്കപ്പെടുന്നു. എന്നാൽ യാഥാർത്ഥ്യം മറ്റൊന്നാണ്: വളരെ ചെറിയ ശതമാനമായ ധനികരുടെകൂട്ടം ലോകജനസംഖ്യയിലെ 50 ശതമാനത്തിലേറെ വരുന്ന അതിദരിദ്രരെക്കാളുപരി ഈ ഗ്രഹം മലിനപ്പെടുത്തുന്നു. യഥാർഥത്തിൽ ധനിക രാഷ്ട്രങ്ങളുടെ പ്രതിശീർഷ പ്രസാരണങ്ങൾ (emissions) ദരിദ്ര രാഷ്ട്രങ്ങളുടേതിനേക്കാൾ വളരെ കൂടുതലാണ് [6]. ലോകത്തിലെ ജനസംഖ്യയിൽ അതിദരിദ്രരിൽ പകുതിയിൽ അധികം പേരും അധിവസിക്കുന്ന ഭവനമായ ആഫ്രിക്കയാണ് ചരിത്രപരമായ പ്രസാരണങ്ങളുടെ ഏറ്റവും കുറഞ്ഞ ഉത്തരവാദി എന്ന യാഥാർത്ഥ്യം നമുക്ക് എങ്ങനെ വിസ്മരിക്കാനാകും?

10. കാലാവസ്ഥാവ്യതിയാനപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി ജൈവ ഇന്ധനങ്ങളുടെ (fossil fuels) ഉപയോഗം കുറയ്ക്കാനും കൂടുതൽ ശുദ്ധമായ ഊർജസ്രോതസ്സുകൾ വികസിപ്പിച്ചെടുക്കാനും ശ്രമിക്കുമ്പോൾ അത് തൊഴില

വസരങ്ങൾക്ക് കുറവുവരുത്താൻ കാരണമാകുമെന്ന് പലപ്പോഴും പറഞ്ഞുവരാറുണ്ട്. യഥാർഥത്തിൽ സംഭവിക്കുന്നത് മറിച്ചാണ്: കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തരഫലമായി ദശലക്ഷക്കണക്കിന് ആളുകളുടെ തൊഴിലാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഉയരുന്ന സമുദ്രനിരപ്പും വരൾച്ചയും ഈ ഗ്രഹത്തെ ബാധിക്കുന്ന മറ്റു പ്രതിഭാസങ്ങളും എത്രയേറെ മനുഷ്യരെയാണ് അശരണരാക്കിയിരിക്കുന്നത്! മറുവശത്ത്, നന്നായി കൈകാര്യം ചെയ്യപ്പെടുന്ന പുനരുപയോഗസാധ്യതയുള്ള ഊർജരൂപങ്ങളിലേക്കുള്ള മാറ്റംവഴിയും കാലാവസ്ഥാവ്യതിയാനം മൂലം ഉണ്ടാകുന്ന കെടുതികൾ നേരിടാനുള്ള ശ്രമങ്ങളുടെ ഭാഗമായും വിവിധ മേഖലകളിൽ അസംഖ്യം തൊഴിൽ സാധ്യതകൾ ജന്മംകൊള്ളുന്നു. അതിനാൽ, രാഷ്ട്രീയ നേതാക്കളും വാണിജ്യ/വ്യവസായ സംരംഭകരും ഇക്കാര്യം ഗൗരവമായി കണക്കിലെടുത്ത് ഇപ്പോൾത്തന്നെ പ്രവർത്തിക്കേണ്ട ആവശ്യം വന്നുഭവിച്ചിരിക്കുന്നു.

## മാനുഷികകാരണങ്ങൾ

11. കാലാവസ്ഥാവ്യതിയാനത്തിന്റെ മാനുഷിക (anthropic) ഉദ്ഭവം സംബന്ധിച്ച് ഇനി തർക്കമൊന്നുമില്ല. ഇതിനു കാരണമെന്താണെന്ന് നമുക്കു കാണാം. പത്തൊമ്പതാം നൂറ്റാണ്ടുവരെ ആഗോളതാപനത്തിന് ഇടവരുത്തുന്ന അന്തരീക്ഷത്തിലുള്ള ഹരിതഗ്രഹവാതകങ്ങളുടെ (greenhouse gases) കേന്ദ്രീകരണം (concentration) ഏതാണ്ട് സ്ഥിരമായ രൂപത്തിലായിരുന്നു, അതായത്, ദശലക്ഷത്തിന് 300 ഭാഗങ്ങൾ എന്ന വ്യാപ്തി. എന്നാൽ പ്രസ്തുത നൂറ്റാണ്ടിന്റെ മധ്യഭാഗത്തെത്തിയപ്പോൾ, വ്യവസായ വികസനത്തോടൊപ്പംതന്നെ പ്രസാരണങ്ങളും വർധിക്കാൻ തുടങ്ങി. കഴിഞ്ഞ 50 വർഷങ്ങളിൽ ഇത് ശ്രദ്ധേയമാം

വിധം ദ്രുതഗതിയിലായിത്തീർന്നിട്ടുണ്ട്. 1958 മുതൽ കാർബൺഡയോക്സൈഡിന്റെ അളവു പരിശോധിച്ചുകൊണ്ടിരുന്ന മൗന ലോവാ (Mauna Loa)യിലെ വാനനിരീക്ഷണാലയം ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. ഞാൻ "അങ്ങേക്കു സ്തുതി" എഴുതിയ കാലത്ത് അത് ചരിത്രത്തിലെ ഏറ്റവും ഉയർന്ന അളവിൽ എത്തിയിരുന്നു; അതായത്, ദശലക്ഷത്തിന് 400 ഭാഗങ്ങൾ; ജൂൺ 2023-ൽ അത് ദശലക്ഷത്തിന് 423 ഭാഗങ്ങൾ ആയി ഉയർന്നിരിക്കുന്നു[7]. 1850-നു ശേഷമുള്ള മുഴുവൻ പ്രസാരണങ്ങളുടെയും 42 ശതമാനം 1990-നു ശേഷമുള്ളതാണ് [8].

12. അതോടൊപ്പംതന്നെ കഴിഞ്ഞ 50 വർഷങ്ങളിലായി താപനില മുമ്പൊരിക്കലും ഇല്ലാത്ത ഗതിവേഗത്തിൽ മുന്നോട്ടുപോയിട്ടുണ്ടെന്നത് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്; അത് കഴിഞ്ഞ 2000 വർഷങ്ങളിൽ ഏതൊരു കാലഘട്ടത്തിലും ഉണ്ടായിരുന്നതിനുമുപരിയാണ്. ഈ കാലഘട്ടത്തിലെ പ്രവണത ഒരു ദശകത്തിന് 0.15 ഡിഗ്രി സെൽഷ്യസ് എന്ന കണക്കിൽ താപനം വർധിക്കുക എന്നതായിരുന്നു; പ്രസ്തുത കണക്ക് കഴിഞ്ഞ 150 വർഷങ്ങളിൽ ഉണ്ടായിട്ടുള്ളതിൽ വച്ച് ഇരട്ടിയാണ്. 1850-നു ശേഷം ആഗോളതാപനില 1.1 ഡിഗ്രി ഉയർന്നിട്ടുണ്ട്; അതിന്റെ ആഘാതം ധ്രുവപ്രദേശങ്ങളിൽ വളരെ ശക്തമായിരിക്കുകയും ചെയ്തിട്ടുണ്ട്. ഈ രീതിയിൽ മുന്നോട്ടുപോയാൽ അടുത്ത പത്തുവർഷത്തിനുള്ളിൽ ആഗോളതാപനത്തിന് അനുവദനീയമായ ഏറ്റവും ഉയർന്ന പരിധിയായ 1.5 ഡിഗ്രി സെൽഷ്യസിൽ നാം എത്തിച്ചേരും [9]. ഈ വർധന ഭൂമിയുടെ ഉപരിതലത്തിൽ മാത്രമല്ല സംഭവിച്ചിട്ടുള്ളത്; ഇത് അനേകം കിലോമീറ്റർ ഉയരത്തിൽ ഭൂമിയുടെ അന്തരീക്ഷത്തിലും സമുദ്രോപരിതലത്തിലും അവയുടെ

നൂറുകണക്കിനു മീറ്റർ ആഴത്തിലും വ്യാപിച്ചിട്ടുണ്ട്. അങ്ങനെ സമുദ്രങ്ങളുടെ അമ്ളവത്കരണം വർധിക്കുകയും അവയുടെ ഓക്സിജന്റെ അളവ് കുറയുകയും ചെയ്തിട്ടുണ്ട്. ഹിമപിണ്ഡങ്ങളുടെ എണ്ണം പിന്നാക്കം പോകുകയും മഞ്ഞുമൂടൽ കുറയുകയും സമുദ്രനിരപ്പ് നിരന്തരം ഉയരുകയും ചെയ്യുന്നു [10].

13. ഈ തരത്തിലുള്ള ആഗോള കാലാവസ്ഥാപ്രതിഭാസങ്ങളും ഹരിതഗ്രഹവാതകത്തിന്റെ പ്രസാരണങ്ങളിലുണ്ടായിട്ടുള്ള ദ്രുതഗതിയിലുള്ള വർധനയും-ഏറെ പ്രത്യേകിച്ച് ഇരുപതാംനൂറ്റാണ്ടിന്റെ മധ്യഭാഗത്തിനുശേഷമുള്ള കാലഘട്ടത്തിൽ സംഭവിച്ചത്-തമ്മിലുള്ള പരസ്പരബന്ധം ഇനിമേൽ മറച്ചുപിടിക്കാൻ കഴിയില്ല. കാലാവസ്ഥയെക്കുറിച്ചു പഠിച്ചുകൊണ്ടിരിക്കുന്ന മഹാഭൂരിപക്ഷം ശാസ്ത്രജ്ഞരും ഈ ബന്ധം അംഗീകരിക്കുന്നു; വളരെ ചെറിയൊരു ശതമാനംമാത്രം ഈ തെളിവുകൾ നിഷേധിക്കാൻ ശ്രമിക്കുന്നു. വലിയ സാമ്പത്തിക ശക്തികൾ കാലാവസ്ഥാപ്രതിസന്ധി പ്രത്യേക താത്പര്യം ലഭിക്കേണ്ട ഒരു പ്രശ്നമായി പരിഗണിക്കുന്നില്ല എന്നത് ഖേദകരമായ കാര്യമാണ്. അവരുടെ താത്പര്യം ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും കുറഞ്ഞ സമയത്ത് ഏറ്റവും കൂടിയ ലാഭം ഉണ്ടാക്കുക എന്നതത്രേ.

14. ഈ വിശദീകരണങ്ങൾ അവയിൽത്തന്നെ സുവ്യക്തമാണെന്നു തോന്നുമെങ്കിലും അവ നല്കേണ്ടത് ഒരു ആവശ്യമായി ഞാൻ കരുതുന്നു. കാരണം, ഒഴിവാക്കേണ്ടതും ഒട്ടുംതന്നെ യുക്തിസഹമല്ലാത്തതുമായ അഭിപ്രായങ്ങൾ കത്തോലിക്കാസഭയ്ക്കുള്ളിൽത്തന്നെ ഞാൻ കേൾക്കുന്നു. എന്നാൽ, അപകടകരമായ ഈ ദ്രുതഗതിയിലുള്ള അസാധാരണമായ മാറ്റങ്ങളുടെ കാരണം മറച്ചുവയ്ക്കാൻ

കഴിയാത്ത രീതിയിലുള്ള ഒരു യാഥാർഥ്യമായി ഭവിച്ചിരിക്കുന്നു എന്നത്, ഒരു സംശയരഹിതമായ കാര്യമാണ്. അതായത്, ബൃഹത്തായ നവീനതകൾ കൊണ്ടുവന്നതു വഴിയായി ഇക്കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി പ്രകൃതിയുടെമേൽ മനുഷ്യർ നടത്തിയിട്ടുള്ള അനിയന്ത്രിതമായ കടന്നുകയറ്റം. കഴിഞ്ഞ ദശകങ്ങളിൽ ഉണ്ടായിട്ടുള്ള വ്യതിയാനങ്ങളുടെ അനുപാതവും ദ്രുതഗതിയും കണക്കിലെടുക്കുമ്പോൾ അവ സാധാരണമായി പ്രകൃതിയിൽ സംഭവിക്കുന്ന അഗ്നിപർവതങ്ങളുടെ സ്ഫോടനമോ അതുപോലുള്ള മറ്റു കാരണങ്ങളാലോ ഉണ്ടായ താപനവർധനയാണെന്നു പറയാനാവില്ല [11]. ഹരിതഗ്രഹവാതകങ്ങളുടെ വർധന എന്ന കാരണം ഒഴിവാക്കിക്കൊണ്ട് ഉപരിതല ഊഷ്മാവിന്റെ ശരാശരിയിലുള്ള വ്യതിയാനം വിശദീകരിക്കപ്പെടാനാകില്ല.

## കോട്ടങ്ങളും അപകടസാധ്യതകളും

15. കാലാവസ്ഥാപ്രതിസന്ധിയുടെ ചില അനന്തരഫലങ്ങൾ അടുത്ത പല നൂറ്റാണ്ടുകളിൽ ഒന്നും റദ്ദ് ചെയ്യാനോ പിൻവലിക്കാനോ സാധിക്കാത്തവിധത്തിൽ ആയിത്തീർന്നിട്ടുണ്ട്; അതായത്, സമുദ്രങ്ങളിലെ ആഗോളതാപനത്തിലുള്ള വർധന, അവയുടെ അമ്ളവൽകരണം, ഓക്സിജന്റെ കുറവ് എന്നിവ. സാഗരജലത്തെ സംബന്ധിച്ചിടത്തോളം വ്യതിയാനംവരാത്ത ഒരു നിശ്ചിത ഊഷ്മാവുണ്ട്; അവയുടെ ഊഷ്മാവും ഉപ്പുരസവും സാധാരണ നിലയിലാകാൻ നൂറ്റാണ്ടുകൾ വേണ്ടിവരും; എന്നാൽ അത് നാനാജാതി ജീവികളുടെ അതിജീവനത്തെ ബാധിക്കുന്നതാണ്. അതിനാലാണ് നമ്മുടെ പാതയിൽ സഹകാരികളായിരിക്കുക എന്നതിൽനിന്ന് മറ്റുപല ജീവികളും വഴിപിരിഞ്ഞിരിക്കുന്നു എന്നതിന്റെ പല സൂചനകളും നമുക്കു ലഭ്യമായി

രിക്കുന്നത്; സഹകാരികളായിരിക്കുന്നതിനുപകരം അവർ നമ്മുടെ ഇരകളായി മാറിയിരിക്കുന്നു.

16. ഭൂഖണ്ഡതല ഹിമപാളികളുടെ കുറവിനെക്കുറിച്ചും ഈ കാര്യം തന്നെ പറയാവുന്നതാണ്. ധ്രുവങ്ങളിലെ മഞ്ഞുരുകിക്കഴിഞ്ഞാൽ നൂറുകണക്കിനു വർഷങ്ങൾകൊണ്ടുപോലും അത് പൂർവസ്ഥിതിയിലാക്കാൻ ആവില്ല. കാലാവസ്ഥയെ സംബന്ധിച്ചിടത്തോളം, വളരെയേറെ ദീർഘമായ കാലഘട്ടങ്ങളിൽ നിലനില്ക്കുന്ന തരത്തിലുള്ള ഘടകങ്ങളുണ്ട്; പലപ്പോഴും അപ്രകാരം സംഭവിക്കാനുണ്ടായ കാരണങ്ങളെ ആശ്രയിച്ചായിരിക്കണമെന്നില്ല അവ തുടരുന്നത്. ഇക്കാരണത്താൽ, നാം വരുത്തിക്കൂട്ടിയ വളരെ വലിയ കെടുതികൾ ഇല്ലാതാക്കാൻ പറ്റാത്ത സ്ഥിതിയിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. ഇനി കൂടുതൽ ദുരന്തപൂർണമായ കെടുതികൾ സംഭവിക്കാതിരിക്കാനായി അവ തടയാനുള്ള സമയം മാത്രമേ നമുക്ക് അവശേഷിക്കുന്നുള്ളൂ.

17. ചില മഹാദുരന്തപരമായ രോഗനിർണയങ്ങൾ (apocalyptic diagnoses) യുക്തിസഹം അല്ലെന്നും ശരിയായ കാരണങ്ങളിൽ അധിഷ്ഠിതമല്ലെന്നും തോന്നിയേക്കാം. എന്നാൽ, അക്കാരണത്താൽ, ഗുരുതരമായ ഒരു സാഹചര്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു എന്ന യഥാർഥ സാധ്യത നാം അവഗണിക്കരുത്. വ്യതിയാനം വരാത്ത ഘടകങ്ങൾ (factors of interia) മൂലം ചെറിയ വ്യത്യാസങ്ങൾ വലിയവയ്ക്ക് കാരണമായേക്കാം; അവ മുൻകൂട്ടി കാണാത്തവയും തീർത്തും തിരിച്ചുപിടിക്കാൻ കഴിയാത്തവയും ആയിരിക്കും. അവ പെട്ടെന്ന് അനിയന്ത്രിതമായി വളർന്നു വലുതാകുന്ന ഹിമഗോളംപോലെ (snowball effect) ഒന്നിനു പുറകെ ഒന്നായുള്ള സംഭവങ്ങളിലേക്ക് വഴിതെളിച്ചേക്കാം.

ഈ സാഹചര്യങ്ങളിൽ നാം പലപ്പോഴും പ്രതികരിക്കാൻ വൈകിപ്പോയെന്നുവരാം; കാരണം, അപ്പോഴേക്കും ഒരിക്കൽ തുടങ്ങിയ പ്രക്രിയ നിർത്താൻ ഒരു ഇടപെടലിനും സാധ്യമല്ലാതെവരും. അപ്പോൾ, പിന്നീട് ഒരിക്കലും പുറകോട്ടു പോകാനാവില്ല. ഇന്നത്തെ അവസ്ഥയിൽ ഇവയെല്ലാം സംഭവിക്കാൻ പോകുന്നു എന്ന് പൂർണ നിശ്ചയത്തോടെ നമുക്ക് പറയാൻ സാധിക്കുകയില്ല. എന്നാൽ, ഇതൊരു സാധ്യതയായി തുടരുന്നു എന്നു നിശ്ചയമായും പറയാവുന്നതാണ്; കാരണം, കാലാവസ്ഥയെ സ്പർശിക്കുന്ന പ്രതിഭാസങ്ങൾ ഇപ്പോൾത്തന്നെ പ്രവർത്തനനിരതമാണ്. ഉദാഹരണത്തിന്, ഹിമപാളികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ്, സമുദ്രജലപ്രവാഹങ്ങളിലുണ്ടായിരിക്കുന്ന വ്യത്യാസങ്ങൾ, ഉഷ്ണമേഖലാപ്രദേശങ്ങളിലുള്ള മഴക്കാടുകളിലെ വനനശീകരണം, റഷ്യയിലെ ജലത്തിന്റെ ഖരാങ്കത്തിൽ താഴെ ഊഷ്മാവിൽ സ്ഥിതി ചെയ്യുന്ന മണ്ണിന്റെ ഉരുകൽ (melting of permafrost in Russia) തുടങ്ങിയവ [12].

18. ആകയാൽ, കൂടുതൽ വിശാലമായ ഒരു കാഴ്ചപ്പാട് അടിയന്തരമായി ആവശ്യമുണ്ട്. അത് പുരോഗതിയുടെ വിസ്മയങ്ങൾ വിലമതിക്കാൻ നമ്മെ സഹായിക്കുന്നതോടൊപ്പം, കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലത്ത് നമുക്ക്, ഒരുപക്ഷേ, ഭാവനാതീതമായിരുന്ന മറ്റു ചില കാര്യങ്ങളിലേക്ക് ഗൗരവതരമായ ശ്രദ്ധ ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്കും വിരൽ ചൂണ്ടുന്നതാകും. നാം ഈ ലോകത്തുനിന്ന് കടന്നുപോകുമ്പോൾ അവശേഷിപ്പിക്കുന്ന പൈതൃകം സംബന്ധിച്ച് ഒരു പ്രത്യേക ഉത്തരവാദിത്വം നമുക്കുണ്ടാകണം എന്നതിലുപരി, മറ്റൊന്നും ഇക്കാര്യം നമ്മോട് ആവശ്യപ്പെടുന്നില്ല.

19. അവസാനമായി, മനുഷ്യജീവന് ഇതര ജീവികളോടും സ്വാഭാവിക പരിസ്ഥതിയോടുമുള്ള വളരെ അടുത്ത ബന്ധം കോവിഡ്-19 എന്ന മഹാമാരി നമ്മെ ബോധ്യപ്പെടുത്തിയതായി കൂട്ടിച്ചേർക്കാവുന്നതാണ്. ലോകത്തിന്റെ ഒരു കോണിൽ നടക്കുന്ന സംഭവത്തിന് നമ്മുടെ ഈ ഗൃഹത്തിന്റെമേൽമുഴുവനും അനന്തരഫലങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്ന് പ്രത്യേകമാംവിധം അത് ഉറപ്പിക്കുകയുണ്ടായി. ഇത് ഞാൻ ആവർത്തിച്ചു പറയുന്ന രണ്ടു ബോധ്യങ്ങൾ വീണ്ടും പറയാൻ എന്നെ അനുവദിക്കുന്നു: "എല്ലാ കാര്യങ്ങളും പരസ്പരം ബന്ധിതമാണ്"; "ഒരാളും ഒറ്റയ്ക്ക് രക്ഷപ്പെടുന്നില്ല".

## 2. വളരുന്ന ഒരു സാങ്കേതികശക്തിയുടെ മാതൃക (Technocratic Paradigm)

20. നിലവിലുള്ള പാരിസ്ഥിതികഭ്രംശത്തിന്റെ ആധാരമായി നില്ക്കുന്ന സാങ്കേതികശക്തിയുടെ മാതൃക (technocratic paradigm) യുടെ ഒരു ചെറിയചിത്രം ഞാൻ "അങ്ങേക്കു സ്തുതി" എന്ന ലേഖനത്തിൽ നല്കിയിരുന്നു. "മനുഷ്യജീവിതത്തെയും പ്രവർത്തനത്തെയും മനസ്സിലാക്കുന്നതിൽ പാളിപ്പോയ ഒന്നാണത്; അത് നമുക്കു ചുറ്റുമുള്ള ലോകത്തിന് ഗൗരവതരമാംവിധം ഹാനികരമായി ഭവിക്കുകയും ചെയ്തിട്ടുണ്ട്" [13]. "സാങ്കേതികവും ധനപരവുമായ ശക്തിയിൽനിന്നു യാഥാർഥ്യവും നന്മയും സത്യവും സ്വയമേവ നിർഗളിക്കുന്നു" [14] എന്ന ചിന്തയാണ് ഇവിടെ ആഴത്തിലുള്ളത്. അതിന്റെ യുക്തിസഹമായ അനുമാനം അപ്പോൾ വളരെ എളുപ്പം സ്വീകാര്യമാകും. അതായത്, "അനന്തവും നിസ്സീമവുമായ വളർച്ച എന്ന ആശയം അംഗീകരിക്കുക എന്നത്; അത് ധനതത്ത്വശാസ്ത്രജ്ഞർക്കും ധനവിനിയോഗ കാര്യവിദഗ്ധർക്കും സാങ്കേതിക വിദ്യാവിദഗ്ധർക്കും ആകർഷകമാകും" [15].

21. ഇക്കഴിഞ്ഞ വർഷങ്ങളിൽ ഈ രോഗനിർണയം (diagnosis) നമുക്ക് സ്ഥിരീകരിക്കാൻ സാധിച്ചിട്ടുണ്ട്; അതോടൊപ്പം മേല്പ്പറഞ്ഞ മാതൃകയ്ക്ക് പുതിയ ഒരു പുരോഗതി കൂടി സംഭവിച്ചിട്ടുണ്ട്. നിർമിതബുദ്ധിയും ഏറ്റവും അവസാനം ഉണ്ടായിട്ടുള്ള സാങ്കേതിക കണ്ടുപിടിത്തങ്ങളും

ആരംഭിക്കുന്നത്, മനുഷ്യന്റെ സാധ്യതകൾക്ക് ഒരു പരിധിയുമില്ല എന്നും സാങ്കേതിക ശാസ്ത്രത്തിന്റെ സഹായത്താൽ മനുഷ്യന്റെ കഴിവുകളും സാധ്യതകളും അനന്തമായ രീതിയിൽ വർധിപ്പിക്കാൻ സാധിക്കും എന്നുമുള്ള ആശയത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ വിധത്തിൽ സാങ്കേതികശക്തി എന്ന മാതൃക ഭയാനകമാംവിധം തന്നെത്തന്നെ ഭുജിച്ചുകൊണ്ടിരിക്കുന്നു.

22. അതേസമയം, സാങ്കേതികവിദ്യക്ക് ആവശ്യമായ ഭൗതിക സ്രോതസ്സുകളായ ലിഥിയം, സിലിക്കോൺ തുടങ്ങിയ മറ്റ് അനവധി ഇനങ്ങൾ പരിധിയില്ലാത്തവിധം സംലഭ്യമാവില്ല എന്നതിന് സംശയമില്ല; എന്നാൽ, ഓഴിയാബാധയായി നില്ക്കുന്ന തത്സംബന്ധമായ ചിന്താഗതിയാണ് അതിലേറെ പ്രശ്നമായിരിക്കുന്നത്, അതായത്, ഭാവനാതീതമാംവിധം മാനുഷികശക്തി വർധിപ്പിക്കാമെന്നും അതിനുവേണ്ടി മാനുഷികമല്ലാത്ത എല്ലാ യാഥാർത്ഥ്യങ്ങളും മനുഷ്യന്റെ മുമ്പിൽ കേവലം സ്രോതസ്സുകൾ ആണെന്നുമുള്ള ചിന്ത. നാം കൃതജ്ഞതാപൂർവം സ്വീകരിക്കുകയും ആദരിക്കുകയും വിലമതിക്കുകയും ചെയ്യേണ്ട ദാനങ്ങളാണ് അസ്തിത്വമുള്ള എല്ലാ വസ്തുക്കളും എന്ന യാഥാർഥ്യം വിസ്മരിക്കപ്പെടുന്നു; മറിച്ച്, അവ മനുഷ്യമനസ്സിന്റെയും കഴിവുകളുടെയും ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതം കൈകാര്യം ചെയ്യാവുന്ന ഇരകളായി, അടിമകളായി, മാറുകയും ചെയ്യുന്നു.

23. സാങ്കേതിക വിദ്യയുടെ വികാസംവഴിയായി ഉണ്ടായ സാധ്യതകളുടെ മുമ്പിൽ നമ്മൾ ഇന്ന് വിറങ്ങലിച്ചാണ് നില്ക്കുന്നത്: "സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ജ്ഞാനവും, ഏറെ പ്രത്യേകിച്ച്, അവ ഉപയോഗപ്പെടുത്താനുള്ള സാമ്പത്തികശേഷിയുമുള്ള ആളുകൾക്ക്

അവ മനുഷ്യരാശിയുടെ മുഴുവന്റെയുംമേൽ എന്നല്ല, ലോകം മുഴുവനിലും, സവിശേഷമായ ആധിപത്യം പുലർത്താ നുള്ള അവസരം ഒരുക്കിക്കൊടുത്തിരിക്കുന്നു. മനുഷ്യരാശിക്ക് ഒരിക്കൽപോലും ഇത്രമാത്രം അധികാരം അതിന്റെ മേൽത്തന്നെ ഉണ്ടായിട്ടില്ല; എന്നാൽ, അത് വിവേകപൂർവ്വം ഉപയോഗപ്പെടുത്തും എന്നതിനെക്കുറിച്ച് ഒരു ഉറപ്പുമില്ല; ഏറെ പ്രത്യേകിച്ച്, അത് ഇന്ന് ഉപയോഗ പ്പെടുത്തുന്ന രീതി കണ്ടാൽ അങ്ങനെ മാത്രമേ അനു മാനിക്കാനാവൂ... ആരുടെ കൈവശമാണ് ഈ ശക്തി മുഴുവൻ അടങ്ങിയിരിക്കുന്നത്? അല്ലെങ്കിൽ ആരുടെ കൈകളിൽ ഇത് അവസാനമായി എത്തിച്ചേരും? മനുഷ്യ രാശിയുടെ ചെറിയൊരു ഭാഗത്തിന്റെ കൈവശം ഇത് എത്തിച്ചേരുക എന്നു പറയുന്നത് അതീവ അപകടക രമായ കാര്യമായിരിക്കും"[16].

## നാം ശക്തി ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള പുനർവിചിന്തനം

24. ശക്തിയുടെ ഓരോ വർധനയും മനുഷ്യരാശിയുടെ പുരോഗതി പ്രതിഫലിപ്പിക്കുന്നില്ല. ഇക്കാര്യത്തിൽ, ജന പദങ്ങളെ തുടച്ചുനീക്കാനും അണുവായുധങ്ങൾ വർഷിച്ച് വംശങ്ങളെ ഉന്മൂലനം ചെയ്യാനും ഉപയോഗിച്ച "സവിശേ ഷമായ" സാങ്കേതിക വിദ്യകൾ ഓർത്താൽ മതിയാകും. നമ്മുടെ പുരോഗതിയുടെ ആനന്ദലഹരി, അതിന്റെ അന ന്തരഫലമായ ബീഭത്സതയുടെ മുമ്പിൽ നാം അന്ധരായി പ്പോയ ചരിത്ര നിമിഷങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ, ആ അപകടം എപ്പോഴും സന്നിഹിതമാണ്. എന്തെന്നാൽ, "നമ്മുടെ അതിബൃഹത്തായ സാങ്കേതികവികാസത്തി നൊപ്പം മാനുഷിക ഉത്തരവാദിത്വവും മൂല്യങ്ങളും മനസ്സാ ക്ഷിയും വികസിക്കുകയുണ്ടായില്ല.... സ്ഥിരം വർധിച്ചു

കൊണ്ടിരിക്കുന്ന നമ്മുടെതന്നെ ശക്തിയുടെമുമ്പിൽ നാം നഗ്നരും നിരാലംബരുമായി നിലകൊള്ളുന്നു; അതിനെ നിയന്ത്രിക്കാനുള്ള മാർഗം നമ്മുടെ കൈവശം ഇല്ലതാനും. നമുക്ക് ചില ഉപരിപ്ലവമായ തന്ത്രങ്ങളുണ്ട്; എന്നാൽ നമുക്ക് പരിധികൾ നിർണയിക്കാൻ കഴിവുള്ളതും സ്വയം നിർണയിക്കാൻ പഠിപ്പിക്കുന്നതുമായ അർഥവത്തായ ഒരു ധാർമികതയോ ഒരു സംസ്കാരമോ ആധ്യാത്മികതയോ ഉണ്ടെന്ന് അവകാശപ്പെടാനാവില്ല"[17]. ജീവൻ നഷ്ടപ്പെടുത്താൻ കഴിവുള്ള ഇത്രയും വലിയ ശക്തി, ഇത്തരത്തിലുള്ള കരങ്ങളിൽ ആയിരിക്കുന്നു എന്നതിൽ അദ്ഭുതപ്പെടാനില്ല; സാങ്കേതികശക്തിയുടെ മാതൃകയുടെ മനോഭാവം നമ്മെ അന്ധരാക്കുകയും ഇന്നത്തെ മനുഷ്യരാശിയുടെ അതീവ ഗൗരവമുള്ള പ്രശ്നം കാണാൻ നമ്മെ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു.

25. ഈ സാങ്കേതികശക്തിയുടെ മാതൃകയ്ക്കു വിരുദ്ധമായി നമുക്കു പറയാനുള്ളത് നമുക്കു ചുറ്റുമുള്ള ഈ ലോകം ചൂഷണം ചെയ്യപ്പെടേണ്ടതിന്റെയും അനിയന്ത്രിത ഉപഭോഗത്തിന്റെയും അതിരുകളില്ലാത്ത അതിമോഹത്തിന്റെയും വസ്തു അല്ല എന്നതാണ്. പ്രകൃതിയെന്നത് നമ്മുടെ ജീവിതങ്ങളെയും നമ്മുടെ പദ്ധതികളെയും വികസിപ്പിച്ചെടുക്കാനുള്ള കേവലപശ്ചാത്തലമാണെന്ന് അവകാശപ്പെടാനും നമുക്കാവില്ല. എന്തെന്നാൽ, "നാം പ്രകൃതിയുടെ ഭാഗമാണ്; നാം അതിൽ ഉൾച്ചേർന്നിരിക്കുന്നു; അതിനാൽ നാം അതുമായി നിരന്തര സംസർഗത്തിലാണ്"[18]; ആകയാൽ "നാം ലോകത്തിലേക്കു നോക്കുന്നത് പുറത്തുനിന്നല്ല, അകത്തുനിന്നത്രേ"[19].

26. അതിനാൽ, മനുഷ്യജീവി എന്നത് പ്രകൃതിക്കു പുറത്തു നില്ക്കുന്നതും പരിസ്ഥിതിയെ അപായപ്പെടു

ത്തുക മാത്രം ചെയ്യുന്നതുമായ ഒരു വൈദേശികഘടക മാണെന്ന ചിന്ത നാം ഒഴിവാക്കുന്നു. മനുഷ്യജീവികൾ പ്രകൃതിയുടെ ഭാഗം തന്നെയാണെന്നത് അംഗീകരിക്ക പ്പെടണം. മനുഷ്യജീവിതവും ബുദ്ധിശക്തിയും സ്വാത ന്ത്ര്യവും പ്രകൃതിയുടെ ഘടകങ്ങളാണ്; അവയെല്ലാം നമ്മുടെ ഈ ഗ്രഹത്തെ സമ്പുഷ്ടമാക്കുന്നു; അവ ഈ ഗ്രഹത്തിന്റെ ആന്തരിക പ്രവർത്തനത്തിന്റെയും സന്തുലി താവസ്ഥയുടെയും ഭാഗങ്ങളാണ്.

27. ഇക്കാരണത്താൽ, ആരോഗ്യകരമായ ഒരു പരിസ്ഥിതി ഭാവം എന്നത്, മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ഇടപെടലിന്റെ അനന്തരഫലമാണ്; തദ്ദേശജന്യമായ സംസ്കാരങ്ങളിൽ അപ്രകാരമാണല്ലോ ആയിരിക്കുന്നത്; ഭൂമിയുടെ വിവിധപ്രദേശങ്ങളിൽ നൂറ്റാണ്ടുകളോളം അപ്ര കാരം തന്നെയുമായിരുന്നല്ലോ. മാനുഷിക കൂട്ടായ്മകൾ പലപ്പോഴും ഒരു പരിതോവസ്ഥതന്നെ "സൃഷ്ടിച്ചിട്ടു ണ്ടല്ലോ" [20]; ചിലപ്പോൾ അവർ അതിനെ പുനർരൂപവൽ കരിച്ചിട്ടുണ്ട്; എന്നാൽ, അതിനെ നശിപ്പിക്കുകയോ അപ കടപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാങ്കേതികശക്തി യുടെ മാതൃക അപ്രകാരമുള്ള ആരോഗ്യകരവും സ്വര ച്ചേർച്ചയുള്ളതുമായ ബന്ധം നശിപ്പിച്ചു എന്നതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം. എന്നാൽ, ഹാനി വരു ത്തുന്നതും നശിപ്പിക്കുന്നതുമായ ഈ മാതൃകയ്ക്കു ഉപരിപോകുക എന്ന അനിവാര്യത മനുഷ്യനെ നിഷേധി ക്കുന്നതിൽ ആയിരിക്കുകയില്ല അടങ്ങിയിരിക്കുന്നത്; അത് പ്രകൃതിയുടെ വ്യവസ്ഥിതികളും (natural systems) "സാമൂഹ്യ വ്യവസ്ഥിതികളും" (social systems) തമ്മിലുള്ള പരസ്പരപ്രവർത്തനത്തിൽ ഉൾച്ചേരുന്നതിൽ അടങ്ങി യിരിക്കും [21].

28. ഇതര കാര്യങ്ങളോടൊപ്പം മാനുഷികശക്തിയെയും അതിന്റെ അർഥത്തെയും പരിധികളെയുംകുറിച്ച് നാം പുനർവിചിന്തനം നടത്തേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ഇക്കഴിഞ്ഞ കുറച്ചു ദശകങ്ങളിലായി നമ്മുടെ ശക്തി കടി ഞ്ഞാൺ ഇല്ലാത്തവിധം വർധിച്ചിട്ടുണ്ട്. നമ്മൾ വിസ്മയാ വഹവും ഭയാനകവുമായ സാങ്കേതികപുരോഗതികൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ, അതുവഴി നാം അതീവ അപകടകാരികളായ ജീവികളായി ഭവിച്ചിരിക്കുന്നു എന്ന കാര്യം നാം മനസ്സിലാക്കിയിട്ടില്ല; മറ്റനേകം ജീവികളുടെ ജീവിതങ്ങളെയും നമ്മുടെതന്നെ അതിജീവനത്തെയും അപകടപ്പെടുത്തുന്നവരായി നാം മാറിക്കഴിഞ്ഞു. സോളോവ്യോവിന്റെ വിരോധാഭാസം നിറഞ്ഞ പരാമർശം ആവർത്തിക്കുന്നത് ഇന്ന് സംഗതമാണ്: “യഥാർഥത്തിൽ അവസാനത്തേത് എന്നവിധത്തിൽ വളരെയേറെ പുരോഗ മിച്ച ഒരു യുഗം.”[22]. നമ്മുടെ ശക്തിയും നാം നേടിക്കൊ ണ്ടിരിക്കുന്ന പുരോഗതിയും നമുക്കെതിരായിത്തന്നെ മാറുന്നു എന്ന കാര്യം സമയബന്ധിതമായി മനസ്സിലാ ക്കാൻ നമുക്ക് പ്രകാശവും സത്യസന്ധതയും ആവശ്യ മാണ് [23].

## ധാർമിക മുള്ള്

29. വിപണനവും തെറ്റായ വിവരവുംമൂലം (marketing and false information) യഥാർഥ ശക്തിയുടെ ധാർമികശോഷണം മറച്ചു പിടിക്കപ്പെടുന്നു. പൊതു അഭിപ്രായം രൂപവൽകരി ക്കാൻ തക്കവണ്ണം തങ്ങളുടെ പക്കൽ വലിയ സ്രോതസ്സു കളുള്ളവരുടെ കൈവശമിരിക്കുന്ന ഉപകാരപ്രദമായ ഉപകരണങ്ങളാണ് ഇവ രണ്ടും. പരിസ്ഥിതിയിൽ നിർണാ യക വ്യത്യാസങ്ങൾ ഉണ്ടാക്കാൻ പോകുന്നവയോ വലിയ തോതിലുള്ള മലിനീകരണത്തിന് സാധ്യതയുള്ളതോ

ആയ പദ്ധതികൾ രൂപവൽകരിക്കുമ്പോൾ മേല്പറഞ്ഞ ഉപകരണങ്ങൾ അവർ ഉപയോഗപ്പെടുത്തുന്നു. അതായത്, ആ പ്രദേശത്തെ ജനതകളുടെ പ്രതീക്ഷകൾ വർധിപ്പിക്കുന്നു. പ്രാദേശികമായി വലിയ പുരോഗതി ഉണ്ടാകുമെന്നും അത് സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുമെന്നും തങ്ങളുടെ മക്കൾക്ക് കൂടുതൽ ജോലി സാധ്യതയും മാനുഷികമായ ഉന്നതിയും ഉണ്ടാകുമെന്നുമുള്ള പ്രതീക്ഷ ഉണർത്തുന്നു. എന്നാൽ, വാസ്തവത്തിൽ ഇക്കൂട്ടർക്ക് ഭാവിയെക്കുറിച്ച് എന്തെങ്കിലും സത്യമായ താത്പര്യമുണ്ടെന്ന് തോന്നുന്നില്ല. കാരണം, പ്രസ്തുത പദ്ധതി തദ്ദേശവാസികളുടെ ഭൂമിയുടെ ശോഷണത്തിലും അവരുടെതന്നെ ജീവിതത്തിന്റെ ഗുണമേന്മയുടെ കുറവിനും കാരണമാകുമെന്ന് ഇക്കൂട്ടർ അവരെ അറിയിക്കുന്നില്ല; ഉപേക്ഷിക്കപ്പെടേണ്ടതും ജീവൻ ഇല്ലാത്തതും വാസയോഗ്യമല്ലാത്തതും സാമൂഹ്യസന്തോഷമോ ഭാവിയലുള്ള പ്രത്യാശയോ ഇല്ലാത്ത ഇടമായി അതുമാറും; മാത്രമല്ല, അതുണ്ടാക്കുന്ന ആഗോളതലത്തിലുള്ള ഹാനി മറ്റു പല ജനതകളെയും ബാധിക്കുന്നതായി മാറുകയും ചെയ്യും.

30. ആണവമാലിന്യം (nuclear waste) ഒഴിവാക്കാൻ ഒരിടത്തു കൊണ്ടുപോയി നിക്ഷേപിക്കാൻ ഇടയായതു വഴി ലഭിച്ച പണത്തെക്കുറിച്ച് ചിലർക്ക് ഒരു നിമിഷം ഉണ്ടാകുന്ന സന്തുഷ്ടി ചിന്തിക്കാവുന്നതേയുള്ളൂ. എന്നാൽ, ഒരാൾക്ക് ആ പണംകൊണ്ട് വാങ്ങാൻ സാധിക്കുന്ന ഭവനം, യഥാർഥത്തിൽ ഒരു ശവക്കുഴിയായി മാറുകയാണു ചെയ്യുന്നത്; കാരണം, അതിനെതുടർന്ന് എത്രമാത്രം രോഗാണുക്കളാണ് വ്യാപിപ്പിക്കപ്പെടുന്നത്! അതിരുകടന്ന ഭാവനാവിലാസത്താൽ പ്രേരിതനായി ഞാനിതു പറയുകയാണെന്നു കരുതരുത്, എന്തെന്നാൽ, നമ്മൾ ഇത് കണ്ട

കാര്യമാണ്. ഇത് അങ്ങേയറ്റത്തെ ഒരു ഉദാഹരണമാണെന്ന് പറഞ്ഞേക്കാം; എന്നാൽ, ഈ കാര്യങ്ങളിൽ ഇതിൽക്കുറഞ്ഞ ഹാനികളെക്കുറിച്ചു പറയുന്നതിൽ അർഥമില്ല; എന്തെന്നാൽ, താങ്ങാൻ കഴിയുന്നതെന്നു കരുതി, നാം തന്നെ കുന്നുകൂട്ടിയ കെടുതികളാണ് ഇന്നു നാം അഭിമുഖീഭവിക്കുന്ന സാഹചര്യത്തിലേക്ക് നമ്മെ കൊണ്ടെത്തിച്ചത്.

31. ഈ സാഹചര്യം ഭൗതികശാസ്ത്രത്തിലോ ജീവശാസ്ത്രത്തിലോ മാത്രം ഒതുങ്ങുന്ന ഒന്നല്ല; ഇത് സാമ്പത്തിക ശാസ്ത്രത്തെയും നാം എപ്രകാരം ഇതിനെ മനസ്സിലാക്കുന്നു എന്നതിനെയുംകൂടി ബാധിക്കുന്നതാണ്. യുക്തിഭദ്രതയുടെയും പുരോഗതിയുടെയും അയഥാർഥ്യങ്ങളായ വാഗ്ദാനങ്ങളുടെയും മൂടുപടം അണിഞ്ഞ് ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കുക എന്ന മനോഭാവം നമ്മുടെ പൊതു ഭവനത്തോടുള്ള ആത്മാർഥമായ താത്പര്യവും ദരിദ്രരെയും, നമ്മുടെ സമൂഹം തിരസ്കരിച്ച, ആവശ്യങ്ങളിൽ ഇരിക്കുന്നവരെയും സഹായിക്കുക എന്ന ശരിയായ വ്യഗ്രതയും അസാധ്യമാക്കുന്നു. നാം മനസ്സിലാക്കുന്നത് അനുസരിച്ച്, ഇക്കഴിഞ്ഞ വർഷങ്ങളിൽ നിരവധി വ്യാജപ്രവാചകർ നല്കിയ വാഗ്ദാനങ്ങളിൽ വിസ്മയംപൂ ും ആവേശം കൊ ും ദരിദ്രരായവർതന്നെ യഥാർഥത്തിൽ തങ്ങൾക്കുവേ ി നിർമിക്കപ്പെടാത്ത ഒരു ലോകത്തെക്കുറിച്ചുള്ള മിഥ്യാസങ്കല്പത്തിനു ഇരകളായിത്തീർന്നിട്ടു ്.

32. കഴിവിനനുസരിച്ച് അണികൾ തിരഞ്ഞെടുക്കുന്ന അധികാരവ്യവസ്ഥ (meritocracy) എന്ന തെറ്റായ ധാരണയും വികാസം പ്രാപിച്ചുവരുന്നുണ്ട്. മനുഷ്യന്റെ കഴിവിനനുസരിച്ചു ലഭ്യമായ ശക്തിക്കുകീഴിൽ എല്ലാം

അധീനമായിരിക്കണം എന്നതാണ് ഈ ചിന്ത; അതായത്, കൂടുതൽ സാധ്യതകളോടും ഗുണഗണങ്ങളോടുംകൂടെ ജനിച്ചവർക്കു കീഴിൽ ആയിരിക്കണം മറ്റുള്ളവർ എന്ന ധാരണ. കഠിനാധ്വാനത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള ആരോഗ്യകരമായ ഒരു സമീപനം, ഒരാളുടെ ജന്മസിദ്ധ മായ കഴിവുകളുടെ വികാസം, പ്രശംസനീയമായ നവാരം ഭങ്ങൾ നടത്താനുള്ള ചൈതന്യം എന്നിവ നല്ല കാര്യ ങ്ങളാണെങ്കിലും എല്ലാവർക്കും യഥാർഥമായി തുല്യ അവസരങ്ങൾ എന്ന സാധ്യത തെളിഞ്ഞില്ലെങ്കിൽ കഴിവി ന്നാധിപത്യം (meritocracy) അടക്കിഭരിക്കുകയും, അതു തന്നെ പ്രത്യേക ആനുകൂല്യങ്ങളുള്ള കുറച്ച് ആളുകളുടെ ശക്തിയുടെ ഏകീകരണത്തിനു മറപിടിക്കുന്ന ഒന്നായി ത്തീരുകയും ചെയ്യും. ഈ വഴിപിഴച്ച യുക്തിയനുസരിച്ച് എന്തിന്, അവർ നമ്മുടെ പൊതുഭവനത്തിനു വരുത്തി വെയ്ക്കുന്ന ഹാനികളെക്കുറിച്ച് ചിന്തിക്കണം? എന്തെ ന്നാൽ, സ്വന്തം കഴിവുകളാലും പരിശ്രമത്താലും നേടി യെടുത്ത ധനപരമായ സ്രോതസ്സുകളാൽ അവർ പരി രക്ഷിക്കപ്പെടുമല്ലോ!

33. മനസ്സാക്ഷി അനുസരിച്ചും തങ്ങൾ ചെയ്ത പ്രവൃത്തി കൾ വഴിയായിവന്ന ഹാനിയുടെ വില തങ്ങളുടെ മക്കൾ കൊടുക്കേണ്ടിവരും എന്ന ചിന്തമൂലവും ഇവിടെ അർഥ ത്തെക്കുറിച്ചുള്ള ചിന്ത അനിവാര്യമംവിധം ഉയർന്നു വരുന്നു: "എന്റെ ജീവിതത്തിന്റെ അർഥം എന്താണ്? ഈ ഭൂമിയിലുള്ള എന്റെ ജീവിതത്തിന്റെ കാലക്രമത്തിന്റെ അർഥം എന്താണ്? എന്റെ എല്ലാ അധ്വാനത്തിന്റെയും പ്രയത്നത്തിന്റെയും ആത്യന്തിക അർഥം എന്താണ്?"

## 3. അന്താരാഷ്ട്ര രാഷ്ട്രീയത്തിന്റെ ബലഹീനത

34. "നമ്മുടെ കാലഘട്ടം ഒരുതരം പിന്നാക്കം പോകലിന്റെ ലക്ഷണങ്ങൾ (signs of regression) കാണിക്കുന്നു.... എങ്കിലും ഓരോ പുതിയ തലമുറയും കടന്നുപോയ തലമുറകളുടെ പോരാട്ടങ്ങളും നേട്ടങ്ങളും തങ്ങളുടെതാക്കി മാറേറണ്ടതുണ്ട്; അതേടൊപ്പം അവർ കൂടുതൽ ഉന്നതമായ ലക്ഷ്യങ്ങൾ മുന്നിൽ കാണേണ്ടതുമുണ്ട്. ഇതാണ് മാർഗം. സ്നേഹത്തോടൊപ്പമുള്ള നന്മയും നീതിയും ഐക്യദാർഢ്യവും ഒക്കെ ഒറ്റയടിയ്ക്ക് പൂർണമായി കൈവരിച്ചു എന്നു കരുതാവുന്നതല്ല; ഓരോ ദിവസവും നേടിയെടുക്കേണ്ടതാണവ"[24]. ഇക്കാര്യത്തിൽ ബലമുള്ളതും നിലനില്ക്കുന്നതുമായ പുരോഗതി ഉണ്ടാകുന്നതിന് ഞാൻ പറയും, "രാഷ്ട്രങ്ങൾ തമ്മിൽ ബഹുപക്ഷ ഉടമ്പടികളിൽ (multilateral agreements) ഏർപ്പെടാനുള്ള മുൻഗണനഭാവം പ്രകടിപ്പിക്കേണ്ടതാണ്"[25].

35. ബഹുപക്ഷഭാവം (multilateralism) എന്നു പറയുമ്പോൾ ഒരു വ്യക്തിയിലോ അമിതാധികാരമുള്ള വരേണ്യവർഗത്തിലോ കേന്ദ്രീകരിച്ചുള്ള ഒരു ആഗോള അധികാരവുമായി അതിനെ കൂട്ടിക്കുഴയ്ക്കുന്നത് സഹായകമാവില്ല: "നിയമത്താൽ നിയന്ത്രിതമായ ഒരുതരം ആഗോള അധികാരത്തിന്റെ സാധ്യതയെക്കുറിച്ചു നാം പറയുമ്പോൾ,

അത് ഒരു വ്യക്തിപരമായ അധികാരമാണെന്ന് നാം ചിന്തിക്കേണ്ടതേയില്ല"[26]. എല്ലാറ്റിനും ഉപരിയായി നാം സംസാരിക്കുന്നത്, "ആഗോള പൊതു നന്മയ്ക്ക് ഉപകരിക്കുംവിധം പ്രവർത്തിക്കാൻ കഴിവുള്ള ഫലപ്രദമായ ലോകസംഘടനകളെയാണ്; അതിനു വിശപ്പും ദാരിദ്ര്യവും ഉച്ചാടനം ചെയ്യാനും അടിസ്ഥാന മനുഷ്യാവകാശങ്ങൾ നിയമായും പരിരക്ഷിക്കാനും കഴിയണം"[27]. അതിന് യഥാർഥ അധികാരം ഉണ്ടായിരിക്കണം എന്നതാണ് പ്രധാനപ്പെട്ട വിഷയം; ചില അടിസ്ഥാനലക്ഷ്യങ്ങൾ പ്രാപിക്കാനുള്ള ശക്തി അതിൽ "നിക്ഷിപ്തമായിരിക്കണം". അതുവഴിയായി ഒരു ബഹുപക്ഷഭാവം പ്രാപിക്കാനാകും; അപ്പോൾ അത് വ്യത്യസ്തമായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളെയോ കുറച്ചുപേരുടെ താത്പര്യങ്ങളെയോ ആശ്രയിച്ച് ആയിരിക്കുകയല്ല വ്യാപരിക്കുന്നത്; അതിന് നിലനില്ക്കുന്ന ഒരുതരം ഫലദായകത്വം ഉണ്ടായിരിക്കും.

36. ആഗോള പ്രതിസന്ധികൾ പാഴാക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് ഒരു ദുഃഖകരമായ യാഥാർഥ്യമാണ്; യഥാർഥത്തിൽ അവ പ്രയോജനപ്രദമായ വ്യത്യാസങ്ങൾ വരുത്താനുള്ള അവസരങ്ങളായി മാറ്റാവുന്നതേയുള്ളൂ [28]. ഇതുതന്നെയാണ് 2007-2008 -ലെ സാമ്പത്തിക മാന്ദ്യത്തിലും കോവിഡ്-19 പ്രതിസന്ധിയിലും സംഭവിച്ചത്. എന്തെന്നാൽ, "പ്രസ്തുത പ്രതിസന്ധികളുടെ വേളയിൽ ആഗോളതലത്തിൽ വികസിപ്പിച്ചെടുത്ത ഉപായങ്ങൾ കൂടുതൽ വൈയക്തികത്വയ്ക്കും കുറഞ്ഞ ഉദ്ഗ്രഥനത്തിനും വഴിതെളിച്ചു. അത് യഥാർഥ ശക്തന്മാർക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തു; അക്കൂട്ടർ എപ്പോഴും പരുക്കുകൂടാതെ രക്ഷപ്പെടുമല്ലോ!"[29].

## ബഹുപക്ഷഭാവം പുനഃക്രമവത്കരിക്കുന്നത്

37. പഴയ ബഹുപക്ഷഭാവം രക്ഷിക്കാൻ ശ്രമിക്കുന്നതിലുപരി, ഇന്നത്തെ വെല്ലുവിളി, ഇന്നത്തെ ലോകത്തിന്റെ പശ്ചാത്തലത്തിൽ അതിനെ പുനഃക്രമവത്കരിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുക എന്നതാണ്. ഒരു കാര്യം തിരിച്ചറിഞ്ഞ് അംഗീകരിക്കാനായി ഞാൻ നിങ്ങളെ ക്ഷണിക്കുന്നു: "അന്താരാഷ്ട്രസമൂഹത്തിന്റെ കുറവുകൾ നികത്താൻ സഹായിക്കാനായി സാധാരണ സമൂഹങ്ങളിൽനിന്ന് നിരവധി സംഘങ്ങളും സംഘടനകളും തയ്യാറാണ്, അതായത്, സങ്കീർണമായ സാഹചര്യങ്ങളിൽ അതിന്റെ ഏകോപനത്തിനുള്ള കുറവ്, മനുഷ്യാവകാശ ധ്വംസനങ്ങളുടെമേൽ അതിന്റെ ശ്രദ്ധക്കുറവ് എന്നിവ പരിഹരിക്കാൻ"[30]. ഉദാഹരണത്തിന്, ഐക്യരാഷ്ട്ര സംഘടനയ്ക്ക് സാധ്യമാകാതിരുന്ന ഒരു കാര്യമാണ് ഒട്ടാവാ പ്രോസസ് (Ottawa Process) വഴിയായി സിവിൽ സമൂഹം അതിന്റെ സംഘടനകളിലൂടെ ഫലപ്രദമായ ചലനാത്മകത സൃഷ്ടിച്ച് പരിഹരിക്കാൻ ഇടവരുത്തിയത്; പ്രസ്തുത പ്രോസസ്സിൽ വ്യക്തിവിരുദ്ധ കുഴിബോംബുകളുടെ (antipersonnel mines) ഉപയോഗത്തിനും നിർമാണത്തിനും ഉൽപാദനത്തിനുമെതിരേ തീരുമാനമുണ്ടായി. ഈ രീതിയിൽ കീഴ്ത്തട്ട് ബലപ്പെടുത്തുന്ന വിധത്തിലുള്ള തത്ത്വം (principle of subsidiarity) ആഗോള-പ്രാദേശിക ബന്ധത്തിന്റെ തലത്തിലും ഉപയോഗപ്പെടുത്തപ്പെടുന്നു.

38. ശരിയായ അർഥത്തിൽ മനസ്സിലാക്കിയാൽ, ആഗോളവൽകരണം സ്വമേധയാ ഉള്ള സാംസ്കാരിക കൈമാറ്റങ്ങളെയും കൂടുതലായി പരസ്പരം അറിയുന്നതിനെയും ജനതകളുടെ ഉദ്ഗ്രഥന പ്രക്രിയകളെയും അനുകൂലിക്കുന്ന

ഒന്നാണ്; അത് "താഴെത്തട്ടിൽ നിന്നുള്ള" (from below) ബഹുപക്ഷഭാവത്തിൽ പരിണമിക്കുന്നു; അത് കേവലം വരേണ്യവർഗത്തിന്റെ ശക്തിയാൽ നിർണയിക്കപ്പെട്ട ഒന്നായിരിക്കുകയില്ല. രാഷ്ട്രീയ-സാമൂഹ്യരംഗത്ത് വ്യതിയാനങ്ങൾ വരുത്താൻ പ്രയത്നിക്കുന്ന ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള, പരസ്പരം പിന്താങ്ങുന്ന ആളുകൾ (activists) പ്രവർത്തിക്കുന്ന വേദികളിൽനിന്ന്, അതായത്, ലോകത്തിന്റെ താഴെത്തട്ടുകളിൽനിന്ന് ഉയരുന്ന ആവശ്യങ്ങൾ, അധികാരസ്രോതസ്സുകളുടെമേൽ സമ്മർദം ചെലുത്തുന്നവയായിത്തീരാൻ സാധ്യതയുണ്ട്. കാലാവസ്ഥാപ്രതിസന്ധിയുടെ കാര്യത്തിലും ഈ രീതിയിൽ ആയിത്തീരും എന്ന പ്രത്യാശയാണ് നമുക്കുള്ളത്. ഇക്കാരണത്താൽ, ഞാൻ ആവർത്തിക്കുന്നു, "രാഷ്ട്രീയ അധികാരത്തെ, അത് ദേശീയമാകട്ടെ, പ്രാദേശികമാകട്ടെ, മുൻസിപ്പാലിറ്റിപരമാകട്ടെ, ഏതായാലും, പൗരർ നിയന്ത്രിക്കുന്നില്ലെങ്കിൽ, പരിസ്ഥിതിക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന ഹാനി നിയന്ത്രിക്കാൻ സാധിക്കാതെവരും"[31].

39. എളുപ്പത്തിൽ പരുക്കേല്ക്കാവുന്നവരെക്കുറിച്ചും (more vulnerable) ശക്തികുറഞ്ഞവരെക്കുറിച്ചു (less powerful) മുള്ള ഒരു *നവസംവേദനക്ഷമത* ഉത്തരാധുനിക സംസ്കാരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. "എല്ലാവരും സഹോദരർ" *(Fratelli Tutti)* എന്ന ചാക്രികലേഖനത്തിൽ ഞാൻ ഊന്നിപ്പറഞ്ഞ മനുഷ്യവ്യക്തിയുടെ പ്രാമുഖ്യവും ഏതു സാഹചര്യത്തിലായാലും അവന്റെയും അവളുടെയും വ്യക്തിമഹാത്മ്യം സംരക്ഷിക്കപ്പെടേണ്ടതും ആണെന്നതുമായ വസ്തുത ഇക്കാര്യത്തോടു ബന്ധപ്പെടുത്താവുന്നതാണ്. മനുഷ്യരാശിയുടെ യഥാർഥപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുപക്ഷഭാവം പ്രോത്സാഹിപ്പിക്കുന്നതി

നായുള്ള മറ്റൊരു വഴിയാണിത്; അതായത്, മറ്റെല്ലാ കാര്യങ്ങൾക്കുപരിയായി മനുഷ്യവ്യക്തികളുടെ മാഹാത്മ്യം ഉയർത്തിപ്പിടിക്കുക എന്നത്; അത്തരത്തിലുള്ള ഒരു ധാർമികത പ്രാദേശികമോ ആഗന്തുകമോ ആയ താത്പര്യങ്ങൾക്കുപരി നില്ക്കുന്നതായിരിക്കും.

40. ഇത് യഥാർഥത്തിൽ രാഷ്ട്രീയത്തിന് ബദൽ ആയിരിക്കുക എന്ന അർഥത്തിലല്ല, മറിച്ച്, ഇവിടെ ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ശക്തികൾ വർധിതമാംവിധം പ്രസക്തമായിക്കൊണ്ടിരിക്കുന്നു എന്നത്രേ സൂചിപ്പിക്കുന്നത്; വളരെ പ്രകടമായ പ്രശ്നങ്ങളുടെ പരിഹാരത്തിന് അവർക്ക് ശരിയായ ഉത്തരങ്ങൾ കണ്ടെത്താൻ സാധിച്ചു എന്നതാണ് യാഥാർഥ്യം; കോവിഡ് മഹാമാരിയുടെ കാലത്ത് ചിലർ അക്കാര്യം വ്യക്തമാക്കുകയും ചെയ്തല്ലോ. പ്രശ്നങ്ങൾക്ക് ഉത്തരം ഏതു രാജ്യത്തിലുംനിന്നു വരാമെന്നും, അത് എത്ര ചെറിയ രാജ്യമാണെങ്കിലും, അക്കാര്യം ബഹുപക്ഷഭാവം ഒരു അനിവാര്യ പ്രക്രിയ ആണെന്നും നമ്മെ ബോധ്യപ്പെടുത്തുന്നു.

41. അതേസമയം, പഴയ നയതന്ത്രം, അത് അതിൽത്തന്നെ പ്രതിസന്ധിയിലാണെങ്കിൽപ്പോലും, പ്രധാനപ്പെട്ടതും അനിവാര്യവും ആണെന്നും വ്യക്തമാക്കപ്പെടുന്നു. എന്നാലും, ലോകത്തിന്റെ പുതിയ രൂപത്തോട് പ്രതികരിക്കാൻ കഴിവുള്ള, ബഹുപക്ഷഭാവുള്ള ഒരു നയതന്ത്രമാതൃക, ഇനിയും അത് മനഞ്ഞെടുത്തിട്ടില്ല; പക്ഷേ, അതിനെ പുനർരൂപപ്പെടുത്താൻ അതിനുതന്നെ സാധിക്കും; അതുതന്നെയും പരിഹാരത്തിന്റെ ഭാഗമാകണം; കാരണം, നൂറ്റാണ്ടുകളുടെ അനുഭവം പുറന്തള്ളപ്പെടാൻ പാടില്ല.

42. നമ്മുടെ ലോകം വിവിധ ധ്രുവങ്ങളിലേക്ക് (multipolar) തിരിഞ്ഞിരിക്കുന്ന ഒന്നായി മാറിയിരിക്കുന്നു; അത് വളരെ

സങ്കീർണമായ ഒന്നായിത്തീർന്നിരിക്കുന്നതിനാൽ ഫല പ്രദമായ സഹകരണം നടപ്പാകണമെങ്കിൽ വ്യത്യസ്ത മായ ഒരു ചട്ടക്കൂട് ആവശ്യമാണ്. അതിന് അധികാര ത്തിന്റെ കണക്കുനോക്കിയിരിക്കുന്നതു മാത്രം പോരാ; പുതിയ പ്രശ്നങ്ങൾക്ക് അതതിന്റെ രീതിയിൽ പ്രതികരി ക്കാൻ സാധ്യമാകണം. പരിസ്ഥിതി, പൊതുജനാരോഗ്യം, സാംസ്കാരികവും സാമൂഹ്യവുമായ വെല്ലുവിളികൾ, ഏറെപ്രത്യേകിച്ച് അടിസ്ഥാനപരമായ മനുഷ്യാവകാശ ങ്ങൾ ഒരുമിച്ചുചേർത്തുകാണുക എന്നത്, സാമൂഹ്യ അവകാശങ്ങൾ, നമ്മുടെ പൊതുഭവനത്തിന്റെ സംരക്ഷണം എന്നീ കാര്യങ്ങൾക്ക് ആഗോളതലത്തിൽ പ്രതികരിക്കാ നുള്ള രീതികൾ ഉരുത്തിരിയണം. ലോകത്തിന്റെ മുഴുവൻ സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് “വേണ്ടത് ചെയ്യുന്ന തിന്റെ” ഭാഗമായി ആഗോള ബദ്ധവും ഫലപ്രദവുമായ നിയമങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പറയേണ്ടത്.

43. പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ആ തീരുമാനങ്ങൾക്ക് നിയമസാധുത ഉണ്ടാകുന്നതിനും വേണ്ടിയുള്ള പുതിയ പ്രക്രിയകൾ വികസിപ്പിച്ചെടുക്കേ ണ്ടതുണ്ട് എന്നതാണ് ഇതിന്റെ പിന്നിലുള്ള ചേതോ വികാരം; എന്തെന്നാൽ, പല പതിറ്റാണ്ടുകൾക്കുമുമ്പ് നിർ മിക്കപ്പെട്ട നിയമങ്ങൾ ഇന്ന് പര്യാപ്തമോ ഫലപ്രദമോ അല്ലെന്നു തോന്നിത്തുടങ്ങിയിട്ടുണ്ട്. ഈ ചട്ടക്കൂടിൽ അടി യന്തരമായി സംഭാഷണത്തിനും കൂടിയാലോചനയ്ക്കും മധ്യസ്ഥത നിർണയിക്കുന്നതിനും സംഘർഷം പരിഹരി ക്കുന്നതിനും മേല്നോട്ടത്തിനും ഒക്കെ ഇടമുണ്ട്; ആത്യ ന്തികമായി, ഇത് ഒരു “ജനായത്തവൽകരണ”ത്തിലേക്ക് കൂടുതൽ നീങ്ങുന്നതായിരിക്കും; അങ്ങനെ ഒരു ആഗോള

പശ്ചാത്തലത്തിൽ വ്യത്യസ്ത സാഹചര്യങ്ങൾ പ്രകാശിതമാക്കാനും ഉൾക്കൊള്ളിക്കാനും സാധിക്കും. എല്ലാവരുടെയും ആവശ്യങ്ങൾ പരിഗണിക്കാതെ ഏറെ ശക്തരായവരുടെ അവകാശങ്ങൾമാത്രം സംരക്ഷിക്കാനുതകുന്ന സ്ഥാപനങ്ങളെ പിന്താങ്ങുക എന്നത് ഇനി ഒരിക്കലും സഹായകരമായ ഒരു സമീപനമായിരിക്കുകയില്ല.

## 4. കാലാവസ്ഥാസമ്മേളനങ്ങൾ: പുരോഗതിയും പരാജയങ്ങളും

44. കഴിഞ്ഞ പല ദശകങ്ങളിലായി കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി 190-ലധികം രാഷ്ട്രങ്ങളുടെ പ്രതിനിധികൾ നിർദിഷ്ട സമയങ്ങളിൽ ഒത്തുചേർന്നിട്ടുണ്ട്. 1992-ൽ റിയോ ഡി ജനേറോയിൽ കൂടിയ സമ്മേളനം United Nations Framework Convention on Climate Change (UNFCCC) എന്ന കരാർ കൈക്കൊള്ളുകയുണ്ടായി. അതിൽ ഒപ്പുവച്ചവരുടെ അവശ്യംവേണ്ടിയിരുന്ന സ്ഥിരീകരണം 1994-ൽ പൂർത്തിയാക്കപ്പെട്ടതോടെ ആ കരാർ പ്രാബല്യത്തിൽ വന്നു. ഈ രാഷ്ട്രങ്ങൾ വർഷാവർഷം "കക്ഷികളുടെ സമ്മേളനം"(Conference of the Parties [COP]) എന്ന നിലയിൽ ഉന്നതതല തീരുമാനമെടുക്കുന്ന സംഘമായി ഒരുമിച്ചുചേരാറുണ്ട്. ഇതിൽ ചില ഉച്ചകോടികൾ പരാജയങ്ങളായിരുന്നു. ഉദാഹരണത്തിന്, 2009 - ലെ കോപ്പൻ ഹേഗൻ സമ്മേളനം. എന്നാൽ ചിലത് പ്രധാനപ്പെട്ട കാല്വയ്പ്പുകൾ നടത്താൻ സഹായകമായി. ഉദാഹരണത്തിന്, 1997-ൽ ജപ്പാനിലെ ക്യോട്ടോ (Kyoto) യിൽ നടന്ന COP3. അതിന്റെ പ്രധാനപ്പെട്ട പ്രമാണരേഖ പൊതുവായ ഹരിതഗ്രഹവാതകത്തിന്റെ പ്രസാരണത്തിൽ 1990-ലതിനേക്കാൾ അഞ്ചുശതമാനം കുറവുണ്ടാക്കണമെന്ന ലക്ഷ്യം തീരുമാനമായി എടുത്തു. 2012-ഓടു

കൂടെ അത് നേടണം എന്നതായിരുന്നു ലക്ഷ്യം; പക്ഷേ, അത് സാധ്യമായില്ല.

45. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥാവ്യതിയാനത്തിന്റെ പരിണതഫലങ്ങൾ കുറയ്ക്കുന്നതിനായി അവശ്യംവേണ്ട പരിപാടികൾ നടപ്പിലാക്കാനായി എല്ലാ കക്ഷികളും തീരുമാനിച്ചിറക്കുകയുണ്ടായി. വികസ്വര രാജ്യങ്ങളിൽ അതിനായി കൈക്കൊള്ളുന്ന നടപടികളുടെ ചെലവുകൾക്ക് സഹായം നല്കാനുള്ള വ്യവസ്ഥകളും നിർമിക്കപ്പെട്ടു. പ്രസ്തുത പെരുമാറ്റച്ചട്ടം യഥാർഥത്തിൽ 2005-ൽ പ്രാബല്യത്തിൽ വന്നു.

46. അതിനുശേഷം, കാലാവസ്ഥാവ്യതിയാനംവഴി സംഭവിച്ചു കൊണ്ടിരിക്കുന്ന നഷ്ടവും ഹാനിയും അളക്കാനുള്ള ഒരു സംവിധാനം ഉണ്ടാകണമെന്ന് നിർദേശിക്കപ്പെട്ടു. കാലാവസ്ഥാവ്യതിയാനത്തിന്റെ മുഖ്യ ഉത്തരവാദിത്വം ധനികരാഷ്ട്രങ്ങളുടേതാണെന്നും ഇക്കാര്യത്തിൽ എളുപ്പം പരുക്കേല്പിക്കപ്പെടുന്ന (more vulnerable) രാഷ്ട്രങ്ങളുടെ നഷ്ടത്തിനും ഹാനിക്കും നഷ്ടപരിഹാരം നല്കണം എന്ന കാര്യം അംഗീകരിക്കുന്ന തായിരുന്നു ആ നിർദേശം. പ്രസ്തുതരാജ്യങ്ങൾ പുതിയ നടപടികൾ സ്വീകരിക്കുന്നതിലുള്ള ചെലവുകൾ വഹിക്കണമെന്നതായിരുന്നില്ല അതുകൊണ്ട് ഉദ്ദേശിച്ചത്, പ്രത്യുത, അവർക്ക് ഇപ്പോൾത്തന്നെ വന്നുഭവിച്ചുകഴിഞ്ഞ ഹാനിക്ക് നഷ്ടപരിഹാരം നല്കുക എന്നതായിരുന്നു. പല സമ്മേളനങ്ങളിലും ഈ പ്രശ്നം പ്രധാനപ്പെട്ട ചർച്ചാവിഷയമായിരുന്നു.

47. 2015-ൽ പാരീസിൽവച്ച് നടന്ന COP 21 സമ്മേളനം മറ്റൊരു നാഴികക്കല്ലായിരുന്നു. കാരണം, അതിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ഉടമ്പടി ഉരുത്തിരിയുക

യുണ്ടായി. മുമ്പുണ്ടായിരുന്ന പല ലക്ഷ്യങ്ങളുടെയും പരാജയത്തിന്റെ പശ്ചാത്തലത്തിൽ ഇതിനെ ഒരു പുതിയ തുടക്കമായി കരുതാവുന്നതാണ്. 2016 നവംബർ 4-ാം തീയതി ആ ഉടമ്പടി പ്രാബല്യത്തിൽ വന്നു. എല്ലാവരെയും നിർബന്ധപൂർവം ബാധിക്കുന്നതായിരുന്നെങ്കിലും, നിഷ്കൃഷ്ട അർഥത്തിൽ അതിന്റെ എല്ലാ അംശങ്ങളും നിർബന്ധപൂർവം പാലിക്കാനുള്ള വ്യവസ്ഥ അതിലുണ്ടായിരുന്നില്ല; അതിന്റെ ചില അംശങ്ങൾ വിശാലമായ വിവേചനാധികാരത്തിന് സാധ്യതയുള്ളവയായിരുന്നു. ശരിയായി പറഞ്ഞാൽ, രാഷ്ട്രങ്ങൾ സ്വമേധയാ ഏറ്റെടുത്ത വ്യവസ്ഥകൾ അവർ പാലിക്കാതെപോയാൽ അതിന്മേൽ ഒരു ശിക്ഷാനടപടിയും സ്വീകരിക്കപ്പെടാമായിരുന്നില്ല; മാത്രമല്ല, അവ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻവേണ്ട ഫലപ്രദമായ ഉപാധികളും ഇല്ലായിരുന്നു. എന്നു മാത്രമല്ല, വികസ്വര രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം ഒരുതരം അയവും അതിൽ ഉൾച്ചേർന്നിരുന്നു.

48. പാരീസ് ഉടമ്പടി വളരെ വിശാലവും അതിമോഹമുള്ളതുമായ ഒരു ലക്ഷ്യമാണ് ഉന്നംവയ്ക്കുന്നത്. അതായത്, ആഗോളതാപനവർധന വ്യവസായവൽകരണത്തിനു മുമ്പ് എന്നപോലെ 2 ഡിഗ്രി സെൽഷ്യസിന് താഴെ നിർത്തുക എന്നത്; അങ്ങനെ അതിനെ 1.5 ഡിഗ്രി സെൽഷ്യസിലേക്കു താഴ്ത്തുക. തൽസംബന്ധമായ നടപടികൾ ഇന്നും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതായത്, കൃത്യമായ നടപടികൾ നിരീക്ഷിക്കുന്നത് ഏകോപിപ്പിക്കാനും വ്യത്യസ്ത രാഷ്ട്രങ്ങളിലെ ലക്ഷ്യങ്ങൾ താരതമ്യപ്പെടുത്താനുമുള്ള മാനദണ്ഡങ്ങൾ രൂപപ്പെടുത്താനുള്ള പ്രക്രിയ. അപ്പോൾ, യഥാർഥ ഫലങ്ങളുടെ കൂടുതൽ

വസ്തുനിഷ്ഠമായ (പാരിമാണികമായ) വിലയിരുത്തൽ ഇക്കാരണത്താൽ എളുപ്പമല്ലാതായി ഭവിക്കുന്നു.

49. കാര്യമായ ഫലങ്ങളില്ലാതെ പിരിഞ്ഞ പല സമ്മേളനങ്ങൾക്കുശേഷം, ഏറെ പ്രത്യേകിച്ച് 2019-ൽ മാഡ്രിഡിൽ കൂടിയ COP 25 ലെ നിരാശാജനകമായ സമ്മേളനത്തിനു ശേഷം, 2021-ലെ ഗ്ലാസ്ഗോ COP 26-ൽ സ്തംഭനാവസ്ഥ നീക്കം ചെയ്യപ്പെടുമെന്ന് പ്രത്യാശിക്കുകയുണ്ടായി. മഹാമാരിയുടെ പശ്ചാത്തലത്തിൽ കാര്യമായ നടപടികളിലേക്കു കടക്കാതിരുന്ന പാരീസ് ഉടമ്പടിയുടെ പുനഃപ്രതിഷ്ഠയാണ് യഥാർഥത്തിൽ സംഭവിച്ചത്. എന്നു മാത്രമല്ല, വളരെയേറെ "ശുപാർശകളും" ഉണ്ടായി; അവയുടെ അനന്തരഫലങ്ങൾ യഥാർഥത്തിൽ മുൻകൂട്ടി കാണാതെ തന്നെയായിരുന്നു അവ നിർദേശിക്കപ്പെട്ടത്. എത്രയും പെട്ടെന്നും ഫലപ്രദവുമായ രീതിയിൽ കുറഞ്ഞ മലിനീകരണ സാധ്യതയുള്ള ഇതര ഊർജരൂപങ്ങളിലേക്കു മാറാനുള്ള നിർദേശങ്ങൾ നല്കപ്പെട്ടെങ്കിലും അതിൽ വലിയ പുരോഗതി ഉണ്ടായില്ല.

50. 2022-ലെ ഷാറമ് എൽ ഷെയ്ക്ക്-ൽ നടന്ന COP 27 സമ്മേളനം ഉക്രൈൻ ആക്രമിക്കപ്പെട്ടതിന്റെ പശ്ചാത്തല ഭീഷണിയോടാണ് ആരംഭിച്ചത്; പ്രസ്തുത ആക്രമണം സാമ്പത്തികവും ഊർജസംബന്ധവുമായ ശക്തമായ പ്രതിസന്ധിക്ക് കാരണമായി. കാർബണിന്റെ ഉപയോഗം വർധിക്കുകയും എല്ലാവരും അത് കൂടുതൽ ലഭ്യമാകുന്നതിന് ശ്രമിക്കുകയും ചെയ്തു. ഊർജ ലഭ്യതയും വികസനസാധ്യതകളും പ്രാഥമിക പരിഗണനയായി വികസ്വര രാജ്യങ്ങൾ മുന്നിൽ കണ്ടു. ജ്വലനശേഷിയുള്ള ഇന്ധനങ്ങളാണ് ലോകത്തിന്റെ 80% ഊർജ ആവശ്യങ്ങളും ഇപ്പോഴും നിറവേറ്റുന്നത് എന്ന കാര്യം വ്യക്തമാക്കപ്പെടു

കയും അവയുടെ ഉപയോഗം വർധമാനമായിക്കൊണ്ടിരിക്കുന്നത് തുടരുകയും ചെയ്യുന്നു എന്ന ബോധ്യം കൂടുകയും ചെയ്തു.

51. കൂടിയാലോചനകളുണ്ടായെങ്കിലും പരസ്പരധാരണകളിലേക്ക് എത്തിച്ചേരാനുണ്ടായ ബുദ്ധിമുട്ടിന്റെ മറ്റൊരു ഉദാഹരണമാണ് ഈജിപ്തിൽവച്ചു നടന്ന സമ്മേളനം. എന്നാൽ, കാലാവസ്ഥാദുരന്തങ്ങളാൽ വലഞ്ഞ രാജ്യങ്ങളുടെ "നഷ്ടവും ഹാനിയും" നികത്തുന്നതിനായി ഒരു സാമ്പത്തിക ചട്ടക്കൂട് രൂപവൽകരിക്കുന്നതിൽ (in consolidating a system for financing) ഒരുപടികൂടി മുന്നോട്ടുപോയെന്ന്, കുറഞ്ഞപക്ഷം, ആ സമ്മേളനത്തെക്കുറിച്ച് പറയാം. ഇത് വികസ്വരരാഷ്ട്രങ്ങൾക്ക് പുതിയൊരു ശബ്ദവും കൂടുതൽ ഭാവവും നല്കാൻ പോരുന്നതായിരുന്നു. എന്നാലും, ഇവിടെയും ഒട്ടേറെ കാര്യങ്ങൾ അവ്യക്തമായി നിലനിന്നു; ഏറെപ്രത്യേകിച്ച്, തൽസംബന്ധമായി കൂടുതൽ സംഭാവന ചെണ്ടേിയിരുന്ന രാഷ്ട്രങ്ങളുടെ കൃത്യമായ ഉത്തരവാദിത്വം സംബന്ധിച്ച് വ്യക്തത ഉണ്ടായില്ല.

52. ഇന്ന് നമുക്ക് വീണ്ടും ഇപ്രകാരം പറയാൻ സാധിക്കും: "ഉടമ്പടികൾ തീർത്തും വികലമായ രീതിയിലാണ് പ്രയോഗത്തിൽ കൊണ്ടുവരപ്പെട്ടത്. അതിനു കാരണം അവ പ്രയോഗത്തിൽ ആക്കപ്പെടുന്നോ എന്നതിനെക്കുറിച്ച് മേല്നോട്ടത്തിനുള്ള രീതിയോ ക്ലിപ്തകാലത്തുള്ള അവലോകനമോ പ്രയോഗത്തിലാക്കപ്പെട്ടില്ലെങ്കിൽ ശിക്ഷാനടപടിയോ മറ്റോ ഉണ്ടായിട്ടില്ല എന്നതുതന്നെ. അവർ പ്രഘോഷിച്ച തത്ത്വങ്ങൾ ഇനിയും ഫലപ്രദവും അയവുള്ളതുമായ രീതിയിൽ പ്രവർത്തിപഥത്തിൽ എത്തിക്കാനുള്ള പോംവഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു"[32]. മാത്രമല്ല, "തങ്ങളുടെ ദേശീയ താൽപര്യങ്ങൾ പൊതുവായ

ആഗോള താൽപര്യങ്ങൾക്കുപരി നിർത്തുന്ന രാജ്യ ങ്ങളെടുക്കുന്ന നിലപാടുകൾവഴിയായി അന്താരാഷ്ട്ര തലത്തിലുള്ള ധാരണകൾക്ക് നിർണായകമായ പുരോ ഗതി കൈവരിക്കാനാവില്ല. നമ്മൾ മറച്ചുപിടിക്കാൻ ആഗ്ര ഹിക്കുന്നവയുടെ അനന്തരഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നവർ ഇത്തരത്തിലുള്ള മനസ്സാക്ഷിയുടെയും ഉത്തര വാദിത്വത്തിന്റെയും പരാജയം വിസ്മരിക്കുകയില്ല”[33].

## 5. ദുബായിലെ COP 28 -സമ്മേളനത്തിൽനിന്ന് എന്തു പ്രതീക്ഷിക്കാം?

53. അടുത്ത സമ്മേളനത്തിന് UAE ആതിഥ്യം വഹിക്കും. പേർഷ്യൻ ഗൾഫിൽ ജൈവ ഇന്ധനം വളരെ വലിയ രീതിയിൽ കയറ്റുമതി ചെയ്യുന്ന ഒരു രാഷ്ട്രമാണിത്. പക്ഷേ, ആവർത്തനാർഹമായ ഊർജസ്രോതസ്സുകൾക്കായി ഇത് നിർണായകമായ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ട്. അതേസമയം, തങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിന് വാതക, എണ്ണ കമ്പനികൾ അവിടെ പുതിയ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടേയിരിക്കുന്നു. എന്നാലും, പ്രത്യാശയ്ക്ക് ഒട്ടും വകയില്ല എന്നു ധരിക്കുന്നത് ആത്മഹത്യാപരമായിരിക്കും. എന്തെന്നാൽ, അപ്രകാരം ചിന്തിക്കുന്നത് മനുഷ്യരാശിയെ മുഴുവൻ, ഏറെപ്രത്യേകിച്ച് അതീവ ദരിദ്രരെ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ദുരന്തങ്ങളിലേക്കു വിട്ടുകൊടുക്കുന്നതിന് തുല്യമായിരിക്കും.

54. ഇടുങ്ങിയ താത്പര്യങ്ങൾക്കപ്പുറം പോകാനും കൂടുതൽ വിശാലമായ രീതിയിൽ ചിന്തിക്കാനുമുള്ള കഴിവ് മനുഷ്യർക്കുണ്ടെന്ന് നാം വിശ്വസിച്ചാൽ നമുക്ക് പ്രത്യാശയ്ക്കു വകയുണ്ട്. അതായത്, COP 28 ഊർജ പരിവർത്തനം സംബന്ധിച്ച നിർണായകതീരുമാനം ത്വരിത

പ്പെടുത്തുമെന്നും അത് നടക്കുന്നുണ്ടോ എന്നു സ്ഥിരം നിരീക്ഷിക്കാൻ ഫലപ്രദമായ പ്രതിജ്ഞാബദ്ധതയുണ്ടാകും എന്നുമുള്ള പ്രത്യാശ. ഈ സമ്മേളനം ഒരു ദിശാമാറ്റത്തിനുതന്നെ കാരണമായേക്കാം. അതായത്, 1992-നു ശേഷം ചെയ്തതെല്ലാംതന്നെ ഗൗരവമേറിയതും അവയിൽത്തന്നെ വിലപ്പെട്ട ശ്രമങ്ങളും ആയിരുന്നു എന്നത് അംഗീകരിക്കുന്നത്; അപ്രകാരമല്ലെങ്കിൽ അത് വളരെ വലിയ ഒരു ഇച്ഛാഭംഗത്തിനു കാരണമായി ഭവിക്കും. മാത്രമല്ല, ഇതുവരെ പ്രാപിച്ച നന്മകളെയെല്ലാം അത് നിഷ്പ്രഭമാക്കിത്തീർക്കുകയും ചെയ്യും.

55. അതേസമയം, ഒട്ടേറെ പരസ്പരധാരണകളും ഉടമ്പടികളും ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ആഗോളപ്രസാരണങ്ങൾ വർധിച്ചുകൊണ്ടേയിരിക്കുന്നു. പ്രസ്തുത ഉടമ്പടികൾ ഇല്ലായിരുന്നെങ്കിൽ പ്രസാരണങ്ങൾ നിശ്ചയമായും ഇതിലേറെ വർധിക്കുമായിരുന്നു എന്ന് പറഞ്ഞേക്കാം. പക്ഷേ, പരിസ്ഥിതിയെ സംബന്ധിച്ച മറ്റു ചില വിഷയങ്ങളിൽ ശരിയായ ഇച്ഛാശക്തി ഉണ്ടായിരുന്നിടങ്ങളിൽ നിർണായകമായ ഫലങ്ങൾ ഉണ്ടായിട്ടുണ്ട് എന്നത് ഓർക്കേണ്ടതാണ്. ഉദാഹരണത്തിന്, ഓസോൺ പാളിയുടെ സംരക്ഷണം സംബന്ധിച്ചുണ്ടായ ഫലം. എന്നാൽ, ജൈവ ഇന്ധനങ്ങളെ ഉപേക്ഷിച്ച് കൂടുതൽ ശുദ്ധമായ ഊർജ്ജസ്രോതസ്സുകളായ കാറ്റ്, സൗരോർജം എന്നിവയിലേക്ക് അടിയന്തരമായി മാറേണ്ട ആവശ്യത്തിൽ പുരോഗതിയോ ഗണ്യമായ ചലനവേഗതയോ ഉണ്ടായിട്ടില്ല. അതിനാൽ, എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അത് ശ്രദ്ധ തിരിച്ചുവിടാനുള്ള ഒരു തന്ത്രമായി മാത്രം വീക്ഷിക്കപ്പെടാനുള്ള അപകട സാധ്യത നിലനില്ക്കുന്നു.

56. പ്രസ്തുത കാര്യങ്ങളെക്കുറിച്ച് നാം ഉത്കണ്ഠാകുലരായിരിക്കുന്നു എന്ന് തോന്നുന്നതിലുപരി കാര്യമാത്ര

പ്രസക്തമായ വ്യത്യാസങ്ങൾ വരുത്തുവാനുള്ള ധൈര്യം ഉൾക്കൊള്ളാനും നാം തയ്യാറാകണം. ഈ ഗതിവേഗത്തിൽ നാം മുന്നോട്ട് പോയാൽ പരമാവധി അനുവദനീയം ആണെന്നു നാം കണക്കുകൂട്ടുന്ന 1.5 ഡിഗ്രി സെൽഷ്യസിൽ കുറച്ചു വർഷങ്ങൾക്കുള്ളിൽത്തന്നെ നാം എത്തിച്ചേരുമെന്ന് നമുക്കറിയാം. അതിനുശേഷം അധികനാൾ കഴിയാതെ അതീവ അപകടകരമായ ഏറ്റവും ഗുരുതര ഘട്ടമായ 3 ഡിഗ്രി സെൽഷ്യസിലേക്കും നാം ചെന്നെത്തും. തിരിയെ വരാൻ സാധിക്കാത്ത ആ ബിന്ദുവിൽ നാം എത്തിച്ചേരുകയില്ലെങ്കിൽപ്പോലും അതിന്റെ അനന്തര ഫലങ്ങൾ നിശ്ചയമായും വിനാശകരമായിരിക്കും; അപ്പോൾ അതീവ നിർണായകമായ നടപടികൾ സ്വീകരിക്കേണ്ടിവരുകയും അതിന് ഭീമമായ വിലകൊടുക്കേണ്ടി വരുകയും അതിന്റെ സാമ്പത്തിക, സാമൂഹിക ഭവിഷ്യത്തുകൾ അതിഗൗരവമുള്ളതും അസഹനീയവും ആയിരിക്കുകയും ചെയ്യും. ഇപ്പോൾ നമ്മൾ എടുക്കുന്ന നടപടികളുടെ വില വലുതാണെങ്കിലും നമ്മൾ കൂടുതൽ കാലതാമസം വരുത്തും തോറും കൊടുക്കാനിരിക്കുന്ന വില അതിലേറെ ഭീമമായിരിക്കും.

57. എന്നാൽ, ഞാൻ മറ്റൊരു കാര്യത്തിന് ഊന്നൽ കൊടുക്കാൻ താത്പര്യപ്പെടുന്നു: "നമ്മുടെ മുമ്പിൽ ഉയർന്നു വരുന്ന ഓരോ പരിസ്ഥിതിപ്രശ്നത്തിനും സാങ്കേതികം മാത്രമായ ഒരു പരിഹാരം തേടുക എന്നത് യഥാർഥത്തിൽ പരസ്പരബന്ധിതമായിരിക്കുകയും സത്യത്തിലുള്ളതും ആഴത്തിലുള്ളതുമായ ആഗോളക്രമത്തിലെ പ്രശ്നങ്ങൾ വേർതിരിച്ചു കാണുകയും അവയ്ക്ക് മറപിടിക്കുകയും ചെയ്യുന്നതിനു തുല്യമാവുകയും ചെയ്യും"[34]. കുറഞ്ഞ കാലഘട്ടംകൊണ്ട് ഗതിമാറ്റാനൊക്കാത്ത തിന്മകളുടെ

മുമ്പിൽ പൊരുത്തപ്പെടാനുള്ള ശ്രമങ്ങൾ അത്യാവശ്യമാണെന്നത് ശരിയായ കാര്യംതന്നെ. മാത്രമല്ല, ചില ഇടപെടലുകളും സാങ്കേതിക പുരോഗതികളും വാതകപ്രസാരണങ്ങൾ ആഗിരണം ചെയ്യാനോ പിടിച്ചുനിർത്താനോ സഹായകമായിട്ടുണ്ട് എന്നും പറയാതെവയ്യ. എന്നാലും, വിള്ളലുകളുടെമേൽ ഉപരിപ്ലവമായവയും മറ്റും ഒട്ടിച്ച് അവയ്ക്ക് മറപിടിക്കുന്ന ഒരു മനോഭാവത്തിന്റെ അപകടസാധ്യതയിൽ നാം കുടുങ്ങിക്കിടക്കുന്നു. എന്നാൽ, ഉപരിതലത്തിനു താഴെ അധഃപതനം തുടർന്നുകൊണ്ടേയിരിക്കുന്നു; അതിനുള്ള കരുക്കൾ നാംതന്നെ നീക്കിക്കൊണ്ടുമിരിക്കുന്നു. ഭാവിയിൽ ഉണ്ടാക്കാവുന്ന എല്ലാ പ്രശ്നങ്ങൾക്കും പുതിയ സാങ്കേതിക ഇടപെടലുകൾവഴിയായി പരിഹാരം ഉണ്ടാകും എന്നു ചിന്തിക്കുന്നത് ഒരുതരം നരഹത്യാപരമായ പ്രായോഗികതാവാദമാണ്; അത് മലമുകളിൽനിന്നു താഴേക്ക് ഹിമഗോളം തള്ളിയിടുന്നതിനു തുല്യമാണ്.

58. ഈ പ്രശ്നം കേവലം പാരിസ്ഥിതികവും "ഹരിതവും" കാല്പനികവും എന്ന രീതിയിലും പലപ്പോഴും സാമ്പത്തിക താത്പര്യങ്ങളാൽ അവഹേളനത്തിന് പാത്രമാക്കപ്പെട്ട് കാണുന്നതുമായ നിരുത്തരവാദപരമായ അപഹാസത്തിന് എന്നെന്നേക്കുമായി നമുക്ക് അറുതി വരുത്താം. കാരണം, ഇത് പല തലങ്ങൾ ഉൾക്കൊള്ളുന്ന മാനുഷികവും സാമൂഹികവുമായ ഒരു പ്രശ്നമാണെന്ന് നാം ആത്യന്തികമായി അംഗീകരിക്കേണ്ടിയിരിക്കുന്നു. ഇക്കാരണത്താൽ, എല്ലാവരുടെയും ഭാഗത്തുനിന്നുള്ള ഇടപെടൽ ഇതിന് ആവശ്യമാണ്. കാലാവസ്ഥാ ഉച്ചകോടികളിൽ "തീവ്രവാദപരം" എന്ന് നിഷേധാത്മകമായ രീതിയിൽ ചിത്രീകരിക്കപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തനങ്ങൾ പലപ്പോഴും

ഏറെ ശ്രദ്ധിക്കപ്പെടുന്നതായി കാണാം. സത്യത്തിൽ, സമൂഹം മുഴുവനും ശൂന്യമാക്കി അവശേഷിപ്പിച്ചിരിക്കുന്ന ഒരു തലമാണ് അവർ നികത്തുന്നത്. യഥാർഥത്തിൽ, സമൂഹം മുഴുവൻ ഇക്കാര്യത്തിൽ ഒരു ആരോഗ്യകരമായ സമ്മർദം ചെലുത്തേണ്ടതായുണ്ട്, കാരണം, തങ്ങളുടെ മക്കളുടെ ഭാവിയാണ് പ്രശ്നപൂരിതമായിരിക്കുന്നതെന്ന് ഓരോ കുടുംബവും തിരിച്ചറിയേണ്ടിയിരിക്കുന്നു.

59. മനുഷ്യരെന്ന നിലയിൽ നമ്മെ ആദരിക്കുകയും നമ്മുടെ മഹത്ത്വം വർധിപ്പിക്കുകയും ചെയ്യുന്ന ചരിത്രപരമായ ഒരു സംഭവമായി COP 28 മാറണമെന്ന് നാം ആത്മാർഥമായി താത്പര്യപ്പെടുന്നെങ്കിൽ, എല്ലാവരെയും ബാധ്യസ്ഥരാക്കുന്ന ഊർജപരിണാമത്തിന്റെ താഴെപ്പറയുന്ന മൂന്നു വ്യവസ്ഥകൾ പാലിക്കപ്പെടുമെന്ന് നാം പ്രത്യാശിക്കേണ്ടിയിരിക്കുന്നു: അതായത്, അവ ഫലപ്രദവും നിശ്ചയമായും ചെയ്യേണ്ടതും എപ്പോഴും നിരീക്ഷിക്കപ്പെടാൻ തയ്യാറും ആയിരിക്കണം. അങ്ങനെ പുതിയൊരു പ്രക്രിയയുടെ പ്രാരംഭം കുറിക്കുക എന്ന വിധത്തിൽ അതിന് മൂന്നു കാര്യങ്ങൾ ആവശ്യകമായിരിക്കും: അതായത്, അത് കർക്കശവും തീവ്രവും എല്ലാവരുടെയും പ്രതിജ്ഞാബദ്ധതയും ഉൾച്ചേർന്നതും ആയിരിക്കണം. ഇന്നാൾവരെ സംഭവിച്ചത് ഇപ്രകാരമായിരുന്നില്ല. എന്നാൽ, ഇതുപോലുള്ള ഒരു പ്രക്രിയയ്ക്ക് മാത്രമേ രാജ്യാന്തര തലത്തിലുള്ള രാഷ്ട്രീയത്തിന് വിശ്വാസ്യത തിരിച്ചു പിടിക്കാൻ ആകുകയുള്ളൂ. കാരണം, കൃത്യമായി ഈ രീതിയിൽ മാത്രമേ കാർബൺ ഡയോക്സൈഡിന്റെ അളവ് കുറയ്ക്കാനും അങ്ങനെ കാലാന്തരത്തിൽ ഉണ്ടാകാവുന്ന കൂടുതൽ തിന്മ ഒഴിവാക്കാനും സാധിക്കുകയുള്ളൂ.

60. സമ്മേളനത്തിൽ പങ്കെടുക്കുന്നവർ, ചില രാഷ്ട്രങ്ങളുടെയും വ്യവസായങ്ങളുടെയും ഹ്രസ്വകാല താത്പര്യങ്ങൾക്ക് അതീതമായി, പൊതുനന്മയെയും അവരുടെ മക്കളുടെ ഭാവിയെയും പരിഗണിച്ച് നടപടികൾ സ്വീകരിക്കാൻ കഴിവുള്ളവരായിത്തീരട്ടെ. ഈ വിധത്തിൽ അവർ രാഷ്ട്രീയത്തിന്റെ ലജ്ജാകരമായ വശം അല്ല, പ്രത്യുത മഹത്ത്വം പ്രകാശിപ്പിക്കട്ടെ. ശക്തരായവരോട് എനിക്ക് ഈ ചോദ്യം ആവർത്തിക്കാനേ സാധിക്കൂ: “ഇത്തരുണത്തിൽ, അധികാരത്തിൽ തുടരാൻ ഓരോരുത്തരെയും എന്താണ് പ്രേരിപ്പിക്കുന്നത്? അടിയന്തരവും ആവശ്യകവുമായ നടപടി സ്വീകരിക്കേണ്ട നേരത്ത് ഒന്നും ചെയ്യാൻ കഴിവില്ലാതെ പോയവർ എന്ന നിലയിൽ അനുസ്മരിക്കപ്പെടാനോ?” [35].

# 6. ആത്മീയ പ്രേരകങ്ങൾ

61. ഈ വേളയിൽ കത്തോലിക്കാ വിശ്വാസികളായവരെ അവരുടെ വിശ്വാസത്തിൽനിന്നു ജനിക്കുന്ന പ്രേരകങ്ങളെക്കുറിച്ച് എനിക്ക് അനുസ്മരിപ്പിക്കാതിരിക്കാൻ സാധിക്കില്ല. അപ്രകാരം ചെയ്യാനായി ഇതരമതങ്ങളിലുള്ള സഹോദരീസഹോദരന്മാരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. കാരണം, യഥാർഥ വിശ്വാസം മനുഷ്യഹൃദയത്തിനു ശക്തിപകരുക മാത്രമല്ല അത് ജീവിതത്തെ പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു; അത് നമ്മുടെ ലക്ഷ്യങ്ങളെ രൂപാന്തരപ്പെടുത്തുകയും മറ്റുള്ളവരുമായും, എന്നല്ല സൃഷ്ടവസ്തുക്കൾ മുഴുവനുമായുമുള്ള നമ്മുടെ ബന്ധങ്ങളുടെമേൽ പ്രകാശം വീശുകയും ചെയ്യുന്നു.

## വിശ്വാസത്തിന്റെ വെളിച്ചത്തിൽ

62. ബൈബിൾ നമ്മോടു പറയുന്നു, "താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു" (ഉത്പ 1:31). അവിടത്തേതാണ് "ഭൂമിയും അതിലുള്ള സമസ്തവും" (നിയ 10:14). അക്കാരണത്താൽ, അവിടന്ന് നമ്മോടു പറയുന്നു: നിങ്ങൾ ഭൂമി എന്നേക്കുമായി വില്ക്കരുത്. എന്തെന്നാൽ, "ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്" (ലേവ്യ 25:23). ആകയാൽ, "ദൈവത്തിന്റെ വകയായ ഭൂമിയെക്കുറിച്ചുള്ള ഉത്തര

വാദിത്വം എന്നു പറയുന്നത് ബുദ്ധിശക്തിയാൽ അലംകൃതരായ മനുഷ്യർ പ്രകൃതിയുടെ നിയമങ്ങളെയും ഈ ലോകത്തിലെ സൃഷ്ടവസ്തുക്കൾ തമ്മിൽ നിലനില്ക്കുന്ന ലോലമായ സന്തുലിതാവസ്ഥയെയും മാനിക്കുക എന്നതാണ്"[36].

63. അതേസമയം, "പ്രപഞ്ചം മുഴുവനും, അതിന്റെ വിവിധങ്ങളായ ബന്ധങ്ങളിൽ, ദൈവത്തിന്റെ അക്ഷയമായ സമ്പൽസമൃദ്ധി പ്രകാശിപ്പിക്കുന്നു". ആകയാൽ, ജ്ഞാനികൾ ആയിരിക്കുക എന്നു പറഞ്ഞാൽ, "വൈവിധ്യമാർന്ന വസ്തുക്കൾ തമ്മിലുള്ള വ്യത്യസ്തങ്ങളായ ബന്ധങ്ങൾ മനസ്സിലാക്കുക എന്നതത്രേ"[37]. വളരെയേറെ സൃഷ്ടിഗണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്നതും കാലാവസ്ഥാപ്രതിസന്ധി മറ്റനേകം ജീവികളുടെ ജീവൻ അപകടപ്പെടുത്തുന്നു എന്ന യാഥാർഥ്യവും മുന്നിലുള്ളപ്പോൾ ജ്ഞാനത്തിന്റെ ഈ പാതയിൽ നമുക്ക് നിസ്സംഗതയോടെ നോക്കി നില്ക്കാനാവില്ല.

64. യേശുതന്നെയും "ഈ ലോകത്തിലുള്ള സൗന്ദര്യം ശ്രദ്ധിക്കാൻ മറ്റുള്ളവരെ ക്ഷണിച്ചതായി നമുക്കറിയാം. എന്തെന്നാൽ, യേശു നിരന്തരം പ്രകൃതിയുമായുള്ള ബന്ധത്തിൽ ആയിരുന്നു; അതുവഴിയായി അവിടന്ന് അതിനെ കൂടുതൽ പ്രിയങ്കരവും വിസ്മയകരവുമാക്കിത്തീർക്കുകയായിരുന്നു. ഗ്രാമാന്തരങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ പിതാവ് ഭൂമിയിൽ നിക്ഷേപിച്ചിരിക്കുന്ന സൗന്ദര്യം ചൂണ്ടിക്കാണിക്കാൻ യേശു പലപ്പോഴും നിന്നുപോയിട്ടുണ്ട്; അപ്രകാരമുള്ള വസ്തുക്കളിൽനിന്ന് ഒരു ദൈവിക സന്ദേശം വായിച്ചെടുക്കാൻ അവിടന്ന് തന്റെ ശിഷ്യരെ ക്ഷണിച്ചിട്ടുമുണ്ട്"[38].

65. അക്കാരണത്താൽ, "മേലിൽ കേവലം പ്രകൃതിയുടെ വേഷത്തിൽ മാത്രമല്ല നാം ഈ ലോകത്തിലെ വസ്തുക്കളെ കാണുന്നത്. കാരണം, ഉത്ഥിതനായവൻ ഏറെ രഹസ്യാത്മകമാംവിധം അവയെ തന്നോട് ചേർത്തുപിടിച്ചിരിക്കുകയും അവയുടെ പൂർണതയിലേക്ക് അവയെ നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. തന്റെ മാനുഷിക നയനങ്ങൾ ധ്യാനിക്കുകയും വിസ്മയംപൂണ്ടു നില്ക്കുകയും ചെയ്ത വയലിലെ പുഷ്പങ്ങളും അതോടൊപ്പം പക്ഷികളും ഇന്ന് അവിടത്തെ പ്രകാശപൂരിതമായ സാന്നിധ്യത്താൽ നിറഞ്ഞുനില്ക്കുകയാണ്"[39]. "അതിനെ പൂർണമായും നിറയ്ക്കുന്ന ദൈവത്തിലാണ് പ്രപഞ്ചം പൂവണിയുന്നതെങ്കിൽ ഓരോ ഇലയിലും മലമ്പാതയിലും തുഷാരബിന്ദുവിലും പാവപ്പെട്ട ഒരാളുടെ വദനത്തിലും യോഗാത്മകമായ ഒരു അർഥം (a mystical meaning) കുടികൊള്ളുന്നു"[40]. ലോകം അനന്തസ്നേഹത്തിന്റെ ഒരു ഗാനം മീട്ടുന്നു. എങ്ങനെയാണ് നമുക്ക് അതിനെ ക്കുറിച്ച് കരുതലില്ലാതിരിക്കാൻ സാധിക്കുന്നത്!

## കൂട്ടായ്മയിലും പ്രതിജ്ഞാബദ്ധതയിലുമുള്ള യാത്ര

66. ദൈവം തന്റെ എല്ലാ സൃഷ്ടികളെയും നമ്മോട് യോജിപ്പിച്ചിട്ടുണ്ട്. എന്നാൽ നമ്മെ വലയം ചെയ്യുന്ന ലോകത്തിൽ നിന്ന് സാങ്കേതിക ശക്തിയുടെ മാതൃകയ്ക്ക് (the technocratic paradigm) നമ്മെ വേർപെടുത്താനാവും; അങ്ങനെ ലോകം മുഴുവനും ഒരു "സമ്പർക്ക വലയം" ("contact zone")[41] ആണെന്ന യാഥാർഥ്യം നാം വിസ്മരിക്കത്തക്കവിധം അതിനു നമ്മെ വഞ്ചിക്കാനും സാധിക്കും.

67. ദൈവത്തിന്റെ സൃഷ്ടികളുടെ വിസ്മയനീയമായ സംഗീതമേളയുടെ മധ്യേ അനുപമവും കേന്ദ്രീകൃതവുമായ മൂല്യ

മാണ് മനുഷ്യനുള്ളതെന്നാണ് യഹൂദ-ക്രൈസ്തവ ദർശനം സമർഥിക്കുന്നത്. എന്നാൽ, ഇന്ന് "പ്രതിഷ്ഠിക്കപ്പെട്ട ഒരു മനുഷ്യ കേന്ദ്രീകൃതത്വം" ("situated anthropocentrism") മാത്രമേ സ്ഥാപിക്കപ്പെടാനാവൂ എന്നു മനസ്സിലാക്കാൻ നാം നിർബന്ധിതരായിരിക്കുന്നു. അതായത്, മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഇതര സൃഷ്ടികളെക്കൂടാതെ മനുഷ്യജീവിതം മനസ്സിലാക്കപ്പെടാനും നിലനിർത്തപ്പെടാനും ആവാത്തതായ ഒരു യാഥാർഥ്യമാണെന്ന തിരിച്ചറിവ്. എന്തെന്നാൽ, "പ്രപഞ്ചത്തിന്റെ ഭാഗം എന്ന നിലയിൽ നാമെല്ലാവരും അദൃശ്യമായ ചരടുകളാൽ ബന്ധിതരാണ്; നാം ഒരുമിച്ചുചേർന്ന് ഒരു സാർവത്രിക കുടുംബമായി രൂപപ്പെട്ടിരിക്കുന്നു, അതായത്, ഒരു ശ്രേഷ്ഠകൂട്ടായ്മ; അത് നമ്മിൽ പവിത്രവും സ്നേഹനിർഭരവും വിനയാന്വിതവുമായ ഒരു ആദരം നിറയ്ക്കുന്നു"[42].

68. ഇത് നമ്മുടെ ഇച്ഛാശക്തിയുടെ ഉൽപന്നമല്ല; ഇതിന്റെ ഉദ്ഭവം മറ്റൊരിടത്താണ്; അതായത്, നമ്മുടെ ഉണ്മയുടെ അഗാധതലങ്ങൾ. കാരണം, "നമുക്ക് ചുറ്റുമുള്ള ലോകത്തോട് ദൈവം നമ്മെ അതിസൂക്ഷ്മമായി ബന്ധിച്ചിരിക്കുന്നു; അതിനാൽ, മണ്ണിന്റെ മരുഭൂവൽകരണം നമുക്ക് ഏതാണ്ട് ഒരു ശാരീരിക അസ്വസ്ഥതയായും ഒരു ജീവഗണത്തിന്റെ തിരോധാനം വേദനാജനകമായ വൈരൂപ്യമായും അനുഭവപ്പെടും"[43]. അതിനാൽ നമുക്കു മനുഷ്യരെക്കുറിച്ച് സ്വയംഭരണ അവകാശമുള്ളവരും (autonomous) സർവശക്തരും പരിധികളില്ലാത്തവരുമാണെന്നു ചിന്തിക്കുന്നതിന് നമുക്ക് അറുതി വരുത്താം; നമുക്ക് നമ്മെക്കുറിച്ച് വ്യത്യസ്തമായി ചിന്തിച്ചുതുടങ്ങാം, അതായത്, വിനയാന്വിതവും കൂടുതൽ ഫലപ്രദവുമായ വിധത്തിൽ.

69. നമ്മുടെ ഭവനമായ ലോകവുമായുള്ള അനുരഞ്ജനത്തിന്റെ ഈ തീർഥാടനത്തിൽ അനുഗമനം ചെയ്യാൻ ഞാൻ എല്ലാവരോടും അഭ്യർഥിക്കുന്നു. അതിനെ കൂടുതൽ സുന്ദരമാക്കാൻ സഹായിക്കുക. കാരണം, അപ്രകാരമുള്ള പ്രതിജ്ഞാബദ്ധത നമ്മുടെതന്നെ വ്യക്തിമഹാത്മ്യത്തിനും ഏറ്റവും ഉയർന്ന മൂല്യങ്ങൾക്കും ചേർന്നതാണ്. അതേസമയം, ഏറ്റവും ഫലപ്രദമായ പരിഹാരമാർഗങ്ങൾ വ്യക്തിപരമായ പരിശ്രമങ്ങൾ വഴിയായി നേടിയെടുക്കാനാകുമെന്ന് ഞാൻ കരുതുന്നില്ല; അവ സാധ്യമാകുന്നത് ദേശീയവും അന്തർ ദേശീയവുമായ തലങ്ങളിലുള്ള അതിപ്രധാനമായ രാഷ്ട്രീയ തീരുമാനങ്ങളിലൂടെയാണ് എന്ന കാര്യം സത്യമായും എനിക്ക് നിഷേധിക്കാനാവില്ല.

70. എന്നിരുന്നാലും, ഓരോ ചെറിയ നീക്കവും സഹായകമാണ്. ആഗോള ഊഷ്മാവിലെ ഒരു ഡിഗ്രിയുടെ പത്തിൽ ഒരംശം വർധിക്കുന്നത് തടയുന്നതുപോലും വളരെയേറെ ആളുകളുടെ സഹനം ഒഴിവാക്കും. എന്നാൽ, ഏറ്റവും പ്രധാനപ്പെട്ടതായുള്ളത് സംഖ്യാപരമായ കണക്കുകൂട്ടലിൽ ഒതുങ്ങുന്ന ഒന്നല്ല. സാംസ്കാരികമായ മാറ്റങ്ങൾ കൂടാതെ നിലനില്ക്കുന്ന മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയില്ല എന്ന ബോധ്യം ആണത്. സാംസ്കാരികമായ മാറ്റങ്ങൾ എന്നു പറയുമ്പോൾ, ജീവിത ശൈലിയിലും സമൂഹത്തിനുള്ളിലെ ബോധ്യങ്ങളിലുമുള്ള പാകപ്പെടലത്രേ; വ്യക്തിപരമായ മാറ്റങ്ങളില്ലാതെ സാംസ്കാരികമായ മാറ്റങ്ങൾ ഇല്ലതാനും.

71. മലിനീകരണവും പാഴ്‌വസ്തുക്കളുടെ ഉത്പാദനവും കുറയ്ക്കാനുള്ള ശ്രമങ്ങളും വസ്തുക്കളുടെ വിവേകപൂർവകമായ ഉപയോഗവും കുടുംബങ്ങളിൽ നടക്കുമ്പോൾ

അത് ഒരു പുതിയ സംസ്കാരത്തെയാണ് രൂപപ്പെടുത്തുന്നത്. വ്യക്തിപരവും കുടുംബപരവും സാമൂഹ്യവുമായ ശീലങ്ങൾ മാറിക്കൊണ്ടിരിക്കുന്നു എന്ന കേവലവസ്തുത തന്നെ രാഷ്ട്രീയരംഗങ്ങളിലെ പൂർത്തീകരിക്കപ്പെടാത്ത ഉത്തരവാദിത്വങ്ങൾ സംബന്ധിച്ചും ശക്തരായവർ കാട്ടുന്ന താത്പര്യക്കുറവിനെക്കുറിച്ചുള്ള രോഷം സംബന്ധിച്ചുമുള്ള ഉത്കണ്ഠ വർധിപ്പിക്കുന്നു. ഇവിടെ ഒരു കാര്യം നാം മനസ്സിലാക്കണം: സംഖ്യാപരമായ കാഴ്ചപ്പാടിൽ ഇത് ഉടനടി പ്രകടമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ലെങ്കിലും, സമൂഹത്തിന്റെ ആഴങ്ങളിൽ നിന്ന് ഉയർന്നുവരുന്ന വളരെ വലിയ രൂപാന്തരണ പ്രക്രിയകൾ നടപ്പാക്കാനായി ഇതുവഴി നാം സഹായിക്കുകയാണു ചെയ്യുന്നത്.

72. അമേരിക്കൻ ഐക്യനാടുകളിലെ ഓരോ വ്യക്തിയുടെയും പേരിലുള്ള പ്രസാരണം, ചൈനയിൽ ജീവിക്കുന്ന വ്യക്തികളുടേതിൽ നിന്ന് രണ്ടിരട്ടിയും ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളിൽ നിന്നുള്ള വ്യക്തികളുമായി താരതമ്യപ്പെടുത്തിയാൽ ഏതാണ്ട് ഏഴ് ഇരട്ടിയും കൂടുതലാണ് [44]. അതിനാൽ, പശ്ചാത്യ മാതൃകയിലുള്ള നിരുത്തരവാദപരമായ ജീവിതശൈലിയിൽനിന്നുള്ള ഒരു വിശാലമാറ്റം നിർണായകമായ ദീർഘകാല സുശക്ത അനന്തര ഫലത്തിനു കാരണമാകും എന്ന് നമുക്കു പറയാനാവും. തത്ഫലമായി, അനിവാര്യമായ രാഷ്ട്രീയ തീരുമാനങ്ങളോടൊപ്പം, ശരിയായവിധം പരസ്പരം കരുതലുള്ളവരായിത്തീരുക എന്ന കാര്യത്തിൽ നാം പുരോഗമിക്കുന്ന ആളുകളായി മാറുകയും ചെയ്യും.

73. “ദൈവത്തെ സ്തുതിക്കുവിൻ” എന്നാണ് ഈ ലേഖനത്തിന്റെ ശീർഷകം. എന്തെന്നാൽ, മനുഷ്യർ ദൈവത്തിന്റെ

സ്ഥാനം കീഴടക്കാൻ ശ്രമിക്കുമ്പോൾ അവർ തങ്ങൾക്കെതിരേതന്നെ നീചശത്രുക്കളായി മാറും.

2023 ഒക്ടോബർ 4-ാം തീയതി അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾദിനത്തിൽ, എന്റെ പരമാചാര്യ ശുശ്രൂഷയുടെ പതിനൊന്നാം വർഷം, റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.




ഫ്രാൻസിസ് പാപ്പാ

NOTES ;

[1] UNITED STATES CONFERENCE OF CATHOLIC BISHOPS, *Global Climate Change Background*, 2019.

[2] SPECIAL ASSEMBLY FOR THE PAN-AMAZONIAN REGION, *Final Document*, October 2019, 10: AAS 111 (2019), 1744.

[3] SYMPOSIUM OF EPISCOPAL CONFERENCES OF AFRICA AND MADAGASCAR (SECAM), *African Climate Dialogues Communiqué*, Nairobi, 17 October 2022.

[4] Cf. INTERGOVERNMENTAL PANEL ON CLIMATE CHANGE (IPCC), *Climate Change 2021, The Physical Science Basis*, Cambridge and New York, 2021, B.2.2.

[5] Cf. ID., *Climate Change 2023, Synthesis Report, Summary for Policymakers,* B.3.2. For the 2023 Report, see https://www.ipcc.ch/report/ar6/syr/downloads/report/IPCC_ AR6_SYR_SPM.pdf.

[6] Cf. UNITED NATIONS ENVIRONMENT PROGRAM, *The Emissions Gap Report 2022*: https://www.unep.org/resources/emissions-gap-report-2022.15.

[7] Cf. National Oceanic and Atmospheric Administration, Earth System Research Laboratories, Global Monitoring Laboratory, *Trends in Atmospheric Carbon Dioxide*: https://www.gml.noaa.gov/ccgg/trends/.

[8] Cf. IPCC, *Climate Change 2023, Synthesis Report, Summary for Policymakers*, A.1.3.

[9] Cf. ibid., B.5.3.

[10] These are data of the IPCC, based on 34,000 studies: INTERGOVERNMENTAL PANEL ON CLIMATE CHANGE (IPCC); cf. *Synthesis Report of the Sixth Assessment Report (20/03/2023): AR6 Synthesis Report: Climate Change 2023 (ipcc.ch).*

[11] Cf. IPCC, *Climate Change 2023, Synthesis Report, Summary for Policymakers,* A.1.2.

[12] Cf. ibid.

[13] Encyclical Letter *Laudato Si’* (24 May 2015), 101: AAS 107 (2015), 887.

[14] Ibid., 105: AAS 107 (2015), 889.

[15] Ibid. 106: AAS 107 (2015), 890.

[16] Ibid., 104: AAS 107 (2015), 888-889.

[17] Ibid., 105: AAS 107 (2015), 889.

[18] Ibid., 139: AAS 107 (2015), 903.

[19] Ibid., 220: AAS 107 (2015), 934.

[20] Cf. S. SÖRLIN-P. WARDE, "*Making the Environment Historical. An Introduction*", in S. SÖRLIN-P. WARDE, eds., *Nature's End: History and the Environment*, Basingstroke-New York, 2009, 1-23.

[21] Encyclical Letter *Laudato Si'* (24 May 2015), 139: AAS 107 (2015), 903.

[22] Cf. *War, Progress and the End of History, Including a Short Story of the Anti-Christ. Three Discussions by Vladimir Soloviev*, London, 1915, p. 197.

[23] Cf. SAINT PAUL VI, *Address to FAO on its 25th Anniversary* (16 November 1970), 4: AAS 62 (1970), 833.16.

[24] Encyclical Letter *Fratelli Tutti* (3 October 2020), 11: AAS 112 (2020), 972.

[25] Ibid., 174: AAS 112 (2020), 1030.

[26] Ibid., 172: AAS 112 (2020), 1029.

[27] Ibid.

[28] Cf. ibid., 170: AAS 112 (2020), 1029.

[29] Ibid.

[30] Ibid., 175: AAS 112 (2020), 1031.

[31] Encyclical Letter *Laudato Si'* (24 May 2015), 179: AAS 107 (2015), 918.

[32] Ibid., 167: AAS 107 (2015), 914.

[33] Ibid., 169: AAS 107 (2015), 915.

[34] Ibid., 111: AAS 107 (2015), 982.

[35] Ibid., 57: AAS 107 (2015), 870.

[36] Ibid., 68: AAS 107 (2015), 874.

[37] Ibid., 86: AAS 107 (2015), 881.

[38] Ibid., 97: AAS 107 (2015), 886.

[39] Ibid., 100: AAS 197 (2015), 887.

[40] Ibid., 233: AAS 107 (2015), 938.

[41] Cf. D. J. HARAWAY, *When Species Meet*, Minneapolis, 2008, pp. 205-249.

[42] Encyclical Letter *Laudato Si'* (24 May 2015), 89: AAS 107 (2015), 883.

[43] Apostolic Exhortation *Evangelii Gaudium* (24 November 2013), 215: AAS 105 (2013), 1109.

[44] Cf. UNITED NATIONS ENVIRONMENT PROGRAM, *The Emissions Gap Report 2022*: *https://www.unep.org/resources/emissions-gap-report-2022*.



# *Laudate Deum*

## ദൈവത്തെ സ്തുതിക്കുവിൻ

ശാസ്ത്രീയ സമൂഹത്തിന്റെ ഭാഗത്തുനിന്നുള്ള സംഭാവനകൾ സ്വീകരിച്ചുകൊണ്ടുതന്നെ സന്മനസ്സുള്ള എല്ലാവരും പരസ്പരം സഹകരിക്കാനും അതുവഴിയായി അർഥവത്തായ ഒരു സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയും, അങ്ങനെ ഹരിതഗ്രഹവാതകങ്ങളുടെ പ്രസാരണം (greenhouse gas emission) ഒഴിവാക്കുന്ന നവ ഊർജ്ജ സ്രോതസ്സുകളിലേക്ക് തിരിയാനും ലോകം തയ്യാറാകണമെന്ന് പാപ്പാ ആഹ്വാനം ചെയ്യുന്നു.

TO SERVE IN TRUTH AND LOVE

Pastoral Orientation Centre,
Secretariat, Kerala Catholic Bishops' Council,
Palarivattom, Kochi 682 025, Kerala, India
Ph: +91484 2805722, 2805815
E-mail: pocpublications@gmail.com

9 789383 423675

₹ 80